
ബയോ... ബയോ... തീവണ്ടി

1 ഫെബ്രുവരി 2020
കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ
കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില: ₹17.00

# യുറീക്ക



## അക്കുവിന്റെ ചിത്രങ്ങൾ

ആശംസകളോടെ...


ആധുനിക ബാങ്കിംഗ് സൗകര്യങ്ങളുമായി...
ജില്ലാ ബാങ്കിന്റെ RuPay Card വഴി ഇന്ത്യയിലുടനീളമുള്ള
2 ലക്ഷത്തിലധികം എ.ടി.എമ്മുകൾ വഴി പണം പിൻവലിക്കാൻ സൗകര്യം.
RuPay Card ഉപയോഗിച്ച് POS സംവിധാനം വഴി
40,000/- രൂപവരെ ഷോപ്പിംഗ് നടത്തുന്നതിനുള്ള സൗകര്യം
Mobile Banking, RTGS/NEFT, e-com, DBT,
ECS, CTS, SMS Alert സൗകര്യങ്ങൾ.
സർക്കാർ പെൻഷനുകൾ, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ,
പാചകവാതക സബ്സിഡി എന്നിവ ബാങ്ക് അക്കൗണ്ട് വഴി
കൊല്ലം ജില്ലാ സഹകരണ ബാങ്ക്
KOLLAM DISTRICT CO-OPERATIVE BANK
ഹെഡ് ഓഫീസ്, കൊല്ലം ഫോൺ : 0474-2742301-305
സി. സുനിൽ ചന്ദ്രൻ
ജനറൽ മാനേജർ
പി.ജെ. അബ്ദുൾ ഗഫാർ
പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ

2020
ഫെബ്രുവരി 1
വാല്യം: 41
ലക്കം: 17

# യുറീക്ക

കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക
1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/
EurekaFortnightly

കത്തുകളും രചനകളും അയയ്ക്കേണ്ട
വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com







## ലേഖനങ്ങൾ

6. ബയോ... ബയോ... തീവണ്ടി : രാകേഷ് കരുവാച്ചേരി

10. ചിത്രം വരയ്ക്കുന്ന കുട്ടി : അഞ്ജു ബി.കെ.

14. ഹോളോത്തൂറിയൻ : പി.കെ.സുധി

32. ചായ : കെ.യതീന്ദ്രനാഥൻ

## കഥ

12. കണ്ണാടിമാളിക : ശിവപ്രസാദ് പാലോട്

28. തോറ്റമാഷ് : റഫീക്ക് പൂനത്ത്

34. ഒരു മഴക്കുട്ടിയുടെ സങ്കടം : സുകേതു

## കുറിപ്പ്

24. കുട്ടുകാരുടെ തെരഞ്ഞെടുത്ത ഗ്രഹണാനുഭവങ്ങൾ :

## നോവൽ

20. ഭൂമിയിലെ നക്ഷത്രങ്ങൾ : പ്രേമജ ഹരീന്ദ്രൻ

## ഓർമ – യുറീക്ക @ 50

18. ഞാൻ ആനയായാൽ : ലിജിൻ ജോസ്

19. ഒന്നല്ലോ മാനവർ നമ്മൾ : സത്യചന്ദ്രൻ പൊയിൽക്കാവ്

## കവിത

17. എരവത്തെ കുന്നേ : വിമീഷ് മണിയൂർ

27. പെരുമഴക്കാലം : ലതീഷ് കീഴല്ലൂർ

## ചിത്ര കവിത

30. കാട്ടിലെ ഫ്ലാറ്റ് : മധു ആലപ്പടമ്പ്











ചിത്രീകരണം: രാജീവ് എൻ ടി

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

**പംക്തികൾ**

9. പറയാമോ, പറയാമോ?
22. കാഴ്ചപ്പുറം
29. വായനശാല
36. പീക്കിരി.ഇൻ
41. വരേം കുറീം
42. യു-മെയിൽ
43. ഓരോന്നോരോന്ന്



**കവർ**

അക്കുവിന്റെ ചിത്രം




വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.ksspublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം, കോഴിക്കോട്-673002.**
e-mail: kssspmagazine@gmail.com,
Ph: 0495 2701919.

**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ),
എം ദിവാകരൻ (മാനേജിങ് എഡിറ്റർ),
അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ-ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.

# മുഖക്കുറി

ഇതെന്താ യുറീക്കാമാമൻ ഇപ്പോൾ ഇങ്ങനെ പറയുന്നത്, ഓണമാവാറായില്ലല്ലോ എന്നായിരിക്കും കൂട്ടുകാർ ആലോചിക്കുന്നത്. ഓണമൊന്നുമല്ല. പക്ഷേ, തെറ്റിപ്പറഞ്ഞതുമല്ല. മാനുഷരെല്ലാരുമൊന്നുപോലെ എന്നത് ശരിക്കും മാവേലിയുടെ കാലത്ത് ഉണ്ടായിരുന്ന ഒരവസ്ഥയല്ല എന്ന് നമ്മളറിയണം. പിന്നെയോ? അത് എക്കാലത്തേയും ഒരു സത്യമാണ് എന്നാണ് മാമന് പറയാനുള്ളത്.

വളച്ചുകെട്ടാതെ പറയൂ മാമാ എന്നല്ലേ, ഇപ്പോൾ തോന്നിയത്. പറയാം. ആദ്യമൊന്ന് ചോദിക്കട്ടെ, മനുഷ്യരെക്കുറിച്ച് നിങ്ങൾ കാര്യമായി ആലോചിച്ചിട്ടുണ്ടോ? സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുണ്ടോ?

ഉണ്ടല്ലോ.. അവരിൽ പല തരക്കാരുണ്ട്. പല വിഭാഗങ്ങളിൽ പെട്ടവരുണ്ട്. എന്നല്ലേ പറയാനുള്ളത്.


പല വിഭാഗങ്ങളിൽ പെട്ടവർ എന്നതുകൊണ്ട് എന്താണ് നിങ്ങൾ ഉദ്ദേശിച്ചത്? പല മതങ്ങൾ എന്നാണോ? പല ജാതികൾ എന്നാണോ? മതവും ജാതിയുമൊക്കെ വിശ്വാസവുമായി ബന്ധപ്പെട്ടതല്ലേ. ഒരു മതത്തിൽ പെട്ടയാൾക്ക് നാളെ മുതൽ മറ്റൊരു മതത്തിൽ വിശ്വസിക്കാമല്ലോ, അല്ലേ. അപ്പോളൊന്നും ആ വ്യക്തിയിലുള്ള 'മനുഷ്യ'ന് ഒരു വ്യത്യാസവും വരില്ല! ഉറപ്പല്ലേ.

പിന്നെയെന്താണ് വ്യത്യാസം? തൊലിയുടെ നിറത്തിലുള്ള വ്യത്യാസം, മുഖത്തിന്റെ ആകൃതിയിലുള്ള വ്യത്യാസം, താടിയുടെ ആകൃതി, മുടിയുടെ രൂപം.. ഇങ്ങനെ പലതും പറയാനുണ്ടാകും. ആഫ്രിക്കക്കാരേയും മംഗോളിയരേയും യൂറോപ്യരേയും എല്ലാം പെട്ടെന്ന് ഓർമ വന്നിട്ടുമുണ്ടാകും. പക്ഷേ, ഇതൊക്കെ മനുഷ്യർ തമ്മിലുള്ള യഥാർത്ഥ വ്യത്യാസമാണോ? ഓരോ പ്രദേശത്തെയും കാലാവസ്ഥയേയും മറ്റു പല ഘടകങ്ങളേയും അടിസ്ഥാനമാക്കിയുള്ള വ്യത്യാസങ്ങൾ മാത്രമല്ലേ ഇവയൊക്കെ.

മാമനിതെന്തൊക്കെ പറഞ്ഞാലും ചില ജാതികളിലും മതങ്ങളിലുമൊക്കെ പെട്ടവർ ഉന്നതരായ ആളുകളാണെന്നും മറ്റുള്ളവർ അവരേക്കാളും താണ നിലയിലുള്ള ആളുകളാണെന്നും വാദിക്കുന്നവരുണ്ടാകും. അവരത് ആത്മാർത്ഥമായി വിശ്വസിക്കുകയും ചെയ്യുന്നു.

# മാനുഷരെല്ലാരുമൊന്നുപോലെ

നൂറുകണക്കിനുവർഷങ്ങളായി പ്രചരിപ്പിച്ചുപോരുന്ന കാര്യങ്ങളാണവയൊക്കെ. യാഥാർത്ഥ്യമെന്താണെന്ന് ആലോചിക്കാതെ നമ്മിൽ പലരും അതങ്ങ് വിശ്വസിച്ചുപോരുന്നു എന്നു മാത്രം. ഇത്തരം വിശ്വാസങ്ങൾ അന്ധമായി പിന്തുടരുമ്പോൾ പല അപകടങ്ങളുമുണ്ടാവും.




ജർമനി എന്ന രാജ്യത്ത് കഴിഞ്ഞ നൂറ്റാണ്ടിൽ സംഭവിച്ച കാര്യം ചിലർക്കെങ്കിലുമറിയാമായിരിക്കും. അവിടെ ജർമൻ വംശത്തിന്റെ ശുദ്ധി നിലനിർത്താൻ ജൂതമതക്കാരെ കൊന്നൊടുക്കിയ കഥയാണത്. നമുക്ക് സങ്കൽപ്പിക്കാൻ പോലും പ്രയാസമുള്ള കാര്യങ്ങളാണ് അന്നവിടെ നടന്നത്. ജൂതരെ പ്രത്യേക ക്യാമ്പുകളിലാക്കി പാർപ്പിക്കുക, വിഷവാതകങ്ങൾ നിറച്ച മുറികളിലേക്ക് അവരെ കയറ്റിവിട്ട് കൂട്ടത്തോടെ കൊല്ലുക. അങ്ങനെയങ്ങനെ.. കുറച്ചുപേരെയൊന്നുമല്ല. ഏതാണ്ട് അറുപതു ലക്ഷം പേരെയാണ് അക്കാലത്ത് വംശഹത്യക്ക് ഇരയാക്കിയത് !!

കേൾക്കാനും ഓർക്കാനും ഇഷ്ടമില്ലാത്ത കാര്യങ്ങൾ പറയുന്നത് നിർത്തി, നമ്മൾ പറഞ്ഞു തുടങ്ങിയേടത്തേക്ക് തിരിച്ചു പോവാം. ഹോമോ സാപ്പിയൻസ് സാപ്പിയൻസ് എന്നതാണ് മനുഷ്യരുടെ ശാസ്ത്രനാമം. മനുഷ്യവംശത്തെക്കുറിച്ചും അതിന്റെ ആരംഭത്തെക്കുറിച്ചുമെല്ലാം ശാസ്ത്രജ്ഞരും ചരിത്ര ഗവേഷകരുമെല്ലാം നിരവധി വർഷങ്ങളായി പഠിച്ചു വരികയാണ്. നമ്മുടെ പൂർവികരാരായിരുന്നു എന്ന് പുറകോട്ട് പുറകോട്ട് അന്വേഷിച്ചു പോയാൽ ആഫ്രിക്കയിൽ ഉത്ഭവിച്ച ആദിമനുഷ്യരിലേക്കാണ് നാമെത്തിച്ചേരുക. അവിടെ നിന്നാണ് ഭൂമിയുടെ എല്ലാ ഭാഗത്തേക്കും മനുഷ്യർ എത്തിച്ചേർന്നത്. അതായത് ഈ ഭൂമിയിലുള്ള നമ്മളെല്ലാം സഹോദരീ സഹോദരന്മാരാണ് എന്ന്. ഇത് വെറുതെയങ്ങ് സങ്കൽപ്പിച്ച് പറയുന്നതൊന്നുമല്ല കേട്ടോ. ആദിമനുഷ്യരുടെ ശരീരാവശിഷ്ടങ്ങളുടെ ഡി എൻ എ പഠനം നടത്തി കണ്ടെത്തിയ കാര്യങ്ങളാണ്. തന്മാത്രാ ജീവശാസ്ത്രം നൽകുന്ന തെളിവുകളാണ്. വലുതാവുമ്പോൾ കൂടുതൽ കാര്യങ്ങൾ വായിച്ച് മനസ്സിലാക്കണേ.

**യുറീക്കാമാമൻ**



**രാകേഷ് കരുവാച്ചേരി**

ചിത്രീകരണം: കെ.സതീഷ്




"ഒരു കുസൃതിച്ചോദ്യം ചോദിക്കട്ടെ?" ഉച്ചഭക്ഷണ ശേഷം പച്ചമരപ്പന്തലിൽ ഗോപിക്കുട്ടൻ കസറുകയാണ്. മധു മാഷ് പിറകിൽ വന്നുനിന്നത് അവൻ അറിഞ്ഞിട്ടേയില്ല.

"നാട്ടിലെ ഏറ്റവും വലിയ കക്കൂസ് ഏതാ...?"

"ഏതാ ഗോപിക്കുട്ടാ...? നീ തന്നെ പറ... " മാഷെ കണ്ടതും അവൻ കൂട്ടുകാരുടെ ഇടയിലേക്ക് ഊളിയിട്ടു.

"എന്നാൽ, ഇന്നത്തെ ചർച്ച ഇതു തന്നെയാവട്ടെ." മധു മാഷ് തുടങ്ങി.

കുറച്ചു മാസങ്ങൾക്ക് മുമ്പുവരെ ഇതിനുത്തരമായി നമ്മുടെ റെയിൽ പാളങ്ങളെ ചൂണ്ടിക്കാണിക്കാമായിരുന്നു. എന്നാൽ ഇപ്പോൾ, യാത്രക്കാരുടെ വിസർജ്യങ്ങൾ നേരിട്ട് റെയിൽ ട്രാക്കിലേക്ക് തള്ളാറില്ല."

"അതെയതെ, ഇപ്പോൾ തീവണ്ടിയിലെ ടോയ്‌ലറ്റിലൂടെ താഴോട്ട് നോക്കിയാ പാളം കാണുന്നില്ല." ആദർശ് ഓർത്തെടുത്തു.

"പിന്നെയെന്താ മാഷേ പുതിയ രീതി?" ഗോപീചന്ദ് മെല്ലെ തല പുറത്തേക്കിട്ടു.

**കേരളത്തിലൂടെ ഓടുന്ന മുഴുവൻ തീവണ്ടികളിലും ബയോ ടോയ്‌ലറ്റ് സംവിധാനം നിലവിൽ വന്നു കഴിഞ്ഞു.**

# ബയോ... ബയോ... തീവണ്ടി

"പറയാം. പഴയപോലെ വണ്ടിയുടെ പ്ലാറ്റ്ഫോമിലെ വെറും കുഴികളല്ല ഇപ്പോൾ ശൗചാലയങ്ങൾ. കേരളത്തിലൂടെ ഓടുന്ന മുഴുവൻ തീവണ്ടികളിലും ബയോ ടോയ്‌ലറ്റ് സംവിധാനം നിലവിൽ വന്നു കഴിഞ്ഞു. ഒരു തരത്തിൽ പറഞ്ഞാൽ നമ്മുടെ കമ്പോസ്റ്റ് കുഴിയിലേതു പോലുള്ള പ്രവർത്തനമാണ് ബയോ ടോയ്‌ലറ്റിലും നടക്കുന്നത്."

"കമ്പോസ്റ്റ് കുഴിയിൽ മണ്ണിലെ ബാക്ടീരിയ പ്രവർത്തിച്ചല്ലേ മാലിന്യത്തെ വിഘടിപ്പിക്കുന്നത്?" ഫിദയും ചർച്ചയിൽ സജീവമായി.

"തീവണ്ടിക്കക്കൂസിൽ മണ്ണുണ്ടോ? പിന്നെ ബാക്ടീരിയ എവിടുന്നു വരാനാ?" കാവേരിയുടെ സംശയമതായിരുന്നു.

"ജന്തുക്കളുടെ വിസർജ്യത്തെ വിഘടിപ്പിക്കാൻ കഴിയുന്ന അനറോബിക്ക് ബാക്ടീരിയ അടങ്ങിയ ലായനി ശൗചാലയ ടാങ്കിൽ മുമ്പേ തന്നെ നിറച്ചിരിക്കും. ടോയ്‌ലറ്റിന് അടിയിൽ സ്ഥാപിച്ചിരിക്കുന്ന ഈ സംഭരണിക്ക് ഏഴ് അറകളുണ്ട്. വിസർജ്യം ഒരോ അറയിലൂടെയും കടന്ന് പുറത്തെത്തുമ്പോൾ അവശേഷിക്കുക വെറും വെള്ളം മാത്രമായിരിക്കും. മനുഷ്യമലത്തിൽ ഈ ബാക്ടീരിയ പ്രവർത്തിച്ച് അതിനെ മീഥേൻ വാതകവും ജലവുമാക്കി മാറ്റും. കൂട്ടത്തിൽ കാർബൺ ഡൈ ഓക്സൈഡും ഉണ്ടാവും. രണ്ടു വാതകങ്ങളെയും മുകളിലോട്ട് പൈപ്പ് വഴി പുറംതള്ളും. ജലത്തെ ക്ലോറിനേറ്റ് ചെയ്ത് അൽപാൽപമായി ട്രാക്കിലേക്കും."

"എന്താ അനറോബിക്ക് ബാക്ടീരിയ എന്നു പറഞ്ഞാൽ?"

"ഓക്സിജന്റെ സാന്നിധ്യത്തിൽ ജീവിക്കാൻ പറ്റാത്ത ബാക്ടീരിയകളാണിവ. ജീവിക്കാൻ ഓക്സിജൻ ആവശ്യമുള്ളവയെ എയ്റോബിക്ക് ബാക്ടീരിയ എന്നാ പറയുക." മാഷ് വിശദമാക്കി.

"സാധാരണയായി നാലുതരത്തിലുള്ള അനറോബിക്ക് ബാക്ടീരിയകളെയാണ് ഉപയോഗിക്കുന്നത്. വിസർജ്യം ശേഖരിക്കുന്ന ടാങ്കിൽ പുറത്ത് നിന്ന് വായു കടക്കുകയില്ല. ടോയ്‌ലറ്റ്



തീവണ്ടിയിൽ ഘടിപ്പിച്ച ബയോ ടോയ്‌ലറ്റ് ടാങ്ക്

ബൗളിലെ വെള്ളം ഇതിന് സഹാ യിക്കുന്നു. പ്ലാസ്റ്റിക് കുപ്പിയോ പേപ്പർ കപ്പോ കുടുങ്ങിയാൽ സ്ഥിതി മാറും കേട്ടോ..."

"ബാക്ടീരിയ തീരുകയോ നശി ച്ചു പോവുകയോ ചെയ്യില്ലേ മാഷേ? ചോദ്യം സാനുവിന്റെ വക.

"ഇല്ല, വർധിക്കാനാണ് സാധ്യത. ഒരോ ആറുമണിക്കൂറിലും ഇവ ഇര ട്ടിക്കാറുണ്ട്. -5 ഡിഗ്രി മുതൽ 50 ഡിഗ്രി സെൽഷ്യസ് വരെയുള്ള താപനിലയിൽ ഇവ സജീവവുമാണ്. മൂന്നു മാസം കൂടുമ്പോൾ ബാക്ടീരിയ ലായനി സാമ്പിൾ എടുത്തു പരിശോ ധന നടത്തും. മതിയായ അളവിൽ ബാക്ടീരിയ ഉണ്ട് എന്ന് ഉറപ്പ് വരുത്താനാണിത്. മാത്രമല്ല ഒന്നര വർഷം കഴിയുമ്പോൾ ടാങ്ക് മൊത്തം അഴിച്ച് വൃത്തിയാക്കി പുതിയ ലായനി നിറയ്ക്കും. പക്ഷേ, പ്ലാസ്റ്റിക്, തുണി പോലുള്ള വസ്തുക്കൾ ടാങ്കിൽ കു ടുങ്ങിയാൽ ബാക്ടീരിയയുടെ പ്ര വർത്തനക്ഷമത നഷ്ടപ്പെടും."

"അതു കൊണ്ടാണല്ലേ ശൗചാ ലയത്തിനുള്ളിൽ കുപ്പിയുടെയും മറ്റും ചിത്രം കൊടുത്ത് അരുത് X എന്ന് രേഖപ്പെടുത്തുന്നത്? ആദർശിന്റെ തീവണ്ടി യാത്രാപരിചയം വീണ്ടും വെളിപ്പെട്ടു.

"ശരിയാണ്... യാത്രക്കാർ കൃത്യമായ അച്ച ടക്കവും നിയമവും പാലിച്ചാലേ ബയോടോയ്‌ലറ്റ് നന്നായി പ്രവർത്തിക്കൂ. നമ്മുടെ നാട് പൂർണ മായും ODF ആകേണ്ടേ നമുക്ക്?"




"അതെന്താ ODF? ഒരു മാതിരി രാഷ്ട്രീയ മുന്ന ണി പോലെ..." സാനന്ദിന് ചോദിക്കാതിരിക്കാ നായില്ല.

മധുമാഷും ചിരിച്ചു പോയി. "ഇത് അതല്ല. Open Defecation Free... വെളിയിട വിസർജന വിമുക്തം എന്ന് മലയാളം."

മാഷേ... ആ പാലത്തിനടുത്ത് ഒരു ബോർഡു ണ്ട്. വെളിയിട വിസർജനരഹിത പഞ്ചായത്തി ലേക്ക് സ്വാഗതം എന്ന്. നമ്മുടെ പഞ്ചായത്തിന്റെ അതിർത്തി അല്ലേ ആ പാലം?

അതേ ഗോപിക്കുട്ടാ... കുസൃതിച്ചോദ്യങ്ങളിൽ മാത്രമല്ല നിന്റെ ഗവേഷണം അല്ലേ? നമ്മുടെ കൊച്ചു കേരളം ഇന്ന് ODF സംസ്ഥാനമാണ്.

ഹരിത കേരളം... മാലിന്യമുക്ത കേരളം എന്നല്ലേ?

"അയ്യോ, ബെല്ലടിച്ചു, ക്ലാസിലേക്കു പോട്ടെ മാഷേ?"

"ശരി. കാവേരീ... നീ ആറ് ബി യിലെ മുഴുവൻ കൂട്ടുകാരെയും വിളിച്ചോളൂ. ഉച്ചയ്ക്ക് ഒന്നാം പിരിയഡ് നമുക്ക് പച്ചമരപ്പന്തലിലാക്കാം... എന്താ?



തീവണ്ടിയിലെ ബയോ ടോയ്‌ലറ്റ്

പറയാമോ, പറയാമോ?



# എവിടെ നിന്നെന്ന് പറയാമോ?

'അങ്ങനെയാണ് ജീവൻ ഉണ്ടാക്ക്വ. കൊറച്ചും കൂടി ശ്രമിച്ചാ പുഴൂന്റ പകരം മനുഷ്യനേം ഉണ്ടാക്കാം. വല്യ കുപ്പി വേണം. ഞാൻ വലുതായാൽ ഒരു ലബോറട്ടറി തുടങ്ങും. ഓരോ പരീക്ഷണങ്ങൾ നടത്താൻ.'

'ഞാനും വരാം സഹായിക്കാൻ.' ഞാൻ പറഞ്ഞു.

'ആമിക്ക് അതൊന്നും സാധിയ്ക്കില്യ ലബോറട്ടറീല് ചെലപ്പോ പൊട്ടിത്തെറി ഉണ്ടാവും. ആമിക്ക് അതൊക്കെ കണ്ടാ പേടിയാവും.'

'പുന്നക്കായ പെറുക്കിക്കൊണ്ടുവരാനും ഞാൻ വേണ്ടേ?' ഞാൻ കണ്ണുനീർ തുടച്ചുകൊണ്ടു ചോദിച്ചു.

'ശാസ്ത്രജ്ഞന്മാർക്ക് എന്തിനാ പുന്നക്കായ?' ജ്യേഷ്ഠൻ ഉറക്കെ ചിരിച്ചുകൊണ്ട് എന്നോട് ചോദിച്ചു.



ചിത്രീകരണം: രാജീവ് എൻ ടി



പ്രശസ്തമായ ഒരു പുസ്തകത്തിൽ നിന്നാണ് മുകളിൽ കൊടുത്ത ഭാഗം. പുസ്തകമേതെന്നും എഴുതിയത് ആരെന്നും പറയാമോ?

നിങ്ങളുടെ ഉത്തരം വാട്സ് ആപ്പിൽ അയയ്ക്കൂ. പേര്, സ്കൂൾ വിലാസം, ഫോൺ നമ്പർ എന്നിവ ഉത്തരത്തോടൊപ്പം മെസേജിൽ ഉൾപ്പെടുത്തണം. ഫെബ്രുവരി 5 നു മുമ്പായി ഉത്തരം ലഭിക്കണം.

ശരിയുത്തരമയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ രണ്ട് പേർക്ക് സമ്മാനം.

വാട്സ് ആപ് നമ്പർ : 9495981919

അക്കു ബ്രഷ്കൊണ്ടും
വിരലുകൊണ്ടുമാണ്
വരക്കണത്.
നിറക്കൂട്ടുകൾ
തയ്യാറാക്കാനും
അവതരിപ്പിക്കാനുമൊ
ക്കെ നല്ല മിടുക്കാണ്
ട്ടോ അവന്.
അവന്റെ ഓരോ
ചിത്രവും കഥകളാണ്.



# ചിത്രം വരക്കണ കുട്ടി

അഞ്ജു ബി കെ



വെള്ളച്ചാട്ടം



തുമ്പികളുടെ ആകാശം

അക്കുനെ നിങ്ങൾക്കറിയോ ? അമൻ ഷസിയ അജയ് ന്നാണ് ട്ടോ ശരിക്കുള്ള പേര്. ഒരു കുട്ടി ചിത്രകാരനാണ് ആള്. ഒന്നാം ക്ലാസ് വിദ്യാർത്ഥിയായ അക്കു ഈ പ്രായത്തിൽ തന്നെ മൂന്ന് ചിത്രപ്രദർശനങ്ങൾ സംഘടിപ്പിച്ചിരിക്കയാണ്. ചിത്രകാരിയായ അമ്മ ഷസിയയാണ് വരലോകത്തെ അക്കുന്റെ കൂട്ടുകാരി. നോക്കി വരച്ച ചിത്രങ്ങളല്ലാ ട്ടോ. അക്കു കണ്ട കാഴ്ചകളും ചിന്തകളും ആണ് ചിത്രങ്ങൾ. നമുക്ക് ആ ചിത്രവിശേഷങ്ങളിലേക്ക് പോയാലോ...

നിങ്ങളൊക്കെ എങ്ങന്യാ ചിത്രം വരക്കാ? അക്കു ബ്രഷ്കൊണ്ടും വിരലുകൊണ്ടുമാണ് വരക്കണത്. നിറക്കൂട്ടുകൾ തയ്യാറാക്കാനും അവതരിപ്പിക്കാനുമൊക്കെ നല്ല മിടുക്കാണ് ട്ടോ അവന്. അവന്റെ ഓരോ ചിത്രവും കഥകളാണ്.

ഓരോ കാഴ്ചകളിൽ നിന്നും കഥകളുണ്ടാക്കും. എന്നിട്ടാ കഥകളെ ചിത്രങ്ങളാക്കും. വീടിനുമുന്നിലെ ചെമ്പരത്തി, പൂന്തോട്ടം, കാട്, തുമ്പികളുടെ ആകാശം, വീട്ടിലേക്കുള്ള വഴി തുടങ്ങി നിരവധി ചിത്രങ്ങളാണ് അക്കുന് സ്വന്തമാ



അക്കു



വൈകുന്നേരത്തെ ചോപ്പ് മേഘം



വെള്ളപ്പൂക്കൾ



കാട്




പൂന്തോട്ടം

യുള്ളത്.

അക്കുനേറ്റവും ഇഷ്ടപ്പെട്ടത് 'വീട്ടിലേക്കുള്ള വഴി' എന്ന ചിത്രമാണ്. കാരണമെന്തെന്നോ, അക്കുന്റെ പ്രിയ സുഹൃത്ത് ഇക്കാമന്റെ വീട്ടിലേക്കുള്ള വഴിയാണത്. ഒരു 'ഹെലികോപ്റ്റർ വ്യൂ'വിലാണ് ട്ടോ അക്കു വരച്ചത്. ആകാശത്ത്ന്ന് നോക്കുമ്പോ ഇങ്ങള്ടെ വീടും വഴിയും ഒക്കെ എങ്ങന്യാവും ന്ന് ചിന്തിച്ചിട്ടുണ്ടോ? അക്കുന്റെ കാഴ്ച പോകുന്നതങ്ങനെയാണ്. റോഡും വീടുകളും പശുവുമൊക്കെ ആകാശത്തിന്ന് നോക്കുമ്പോൾ എങ്ങനെയാവും ന്ന് ആണ് കുട്ടി ചിത്രകാരൻ വരച്ചിട്ടുള്ളത്. 'പൂന്തോട്ടം' എന്ന ചിത്രവും അത്തരത്തിലുള്ളൊന്നാണ്. പൂന്തോട്ടം, കുളം, കുളത്തിനു ചുറ്റുമുള്ള മതിൽ എല്ലാം വളരെ മനോഹരമായവൻ ആവിഷ്കരിച്ചിട്ടുണ്ട്.

പിങ്ക് നിറത്തിലുള്ള ആകാശവും തുമ്പികളും എല്ലാം അക്കുന്റെ സ്വന്തം സൃഷ്ടികളാണ്. അക്കുന്റെ കഥയിലുള്ളതെല്ലാം ചിത്രത്തിലില്ലാട്ടോ. 'ചെമ്പരത്തി' എന്ന ചിത്രത്തിൽ ചെമ്പരത്തിക്കാടും അതിനുള്ളിലെ പൂക്കളുമാണ് നമുക്ക് കാണാനാവുക. എന്നാൽ കാടിനുള്ളിലെ കരിയിലക്കിളികളെ കാണാനാവുന്നത് അക്കുന് മാത്രമാണ്. നിങ്ങളൊക്കെ എവിടെയാ താമസിക്കുന്നത്? വീട്ടിലോ അല്ലെങ്കിൽ ഫ്ലാറ്റിലോ ആയിരിക്കുമല്ലേ.. അപ്പോൾ കിളികളോ? അക്കുന്റെ കിളികൾക്കുമുണ്ട് ഫ്ലാറ്റ്. ഒരു മരം, മരത്തിൽ നിറയെ ചില്ലകൾ, ചില്ലകളിലെല്ലാം വരിവരിയായി കിളികൾ. ചിത്രത്തിന് അക്കു നൽകിയ പേരാണ് 'കിളികളുടെ ഫ്ലാറ്റ്.'

നിങ്ങൾക്കുമുണ്ടാവുമല്ലേ ഇതുപോലെ കിളികളുടെ ഫ്ലാറ്റും വീട്ടിലേക്കുള്ള വഴിയും പിങ്ക് ആകാശവും ഒക്കെ? നിങ്ങളുടെ മനസ്സിലെ ആകാശം എങ്ങനെയാണ്? നമ്മുടെ കുട്ടിഅക്കുനെ പോലെ നമുക്കും വരച്ചു നോക്കിയാലോ? അപ്പോൾ എങ്ങനെ.. അക്കുബ്രോ പൊളിയല്ലേ..!


SATISH

# കണ്ണാടി മാളിക



**ശിവപ്രസാദ് പാലോട്**

ചിത്രീകരണം: കെ.സതീഷ്

"ഡാ മക്കളേ ഇതടുക്കളയല്ല, സ്കൂൾ ലാബാണ് മറക്കണ്ട. കണ്ടതും തൊട്ടതുമൊക്കെ കരണ്ടു തിന്നാൽ തട്ടിപ്പോകും പറഞ്ഞേക്കാം.." തള്ളയെലി കുഞ്ഞനെലികളോട് കയർത്തു.

"ഇല്ലമ്മേ ഞങ്ങളീ കണ്ണാടിമാളികക്കിടയിലൂടെ കളിച്ചോട്ടെ." എലിക്കുട്ടികൾ പറഞ്ഞു.

"ദാ, ഈ സാധനത്തിൽ നോക്കുമ്പോൾ എന്നെത്തന്നെ പിറകെ പിറകെ കുറെയെണ്ണം കാണുന്നു."

കുഞ്ഞന്മാരിൽ ഒരുത്തൻ മറ്റവനോട് പറഞ്ഞു.

"ഡാ.. അത് നീയാദ്യമായി ലാബിൽ കയറിയതുകൊണ്ടാണ്. നോക്കടാ നിന്റെ മുമ്പിലും പിറകിലും കണ്ണാടി വച്ചിരിക്കുന്നത്. കണ്ടോ.. അതിന് നടുക്കാ നീ നിൽക്കുന്നത്. അതാണ് നിന്നെയിങ്ങനെ ആവർത്തിച്ചു കാണുന്നത്." മുതിർന്നവൻ ആവേശത്തോടെ പറഞ്ഞു.

"അപ്പോ ദാ ഇതിൽ നോക്കുമ്പോൾ അകന്നു നോക്കിയാ എന്നെ തലതിരിഞ്ഞും അടുപ്പിച്ച് നോക്കിയാ ഭയങ്കര വലിപ്പത്തിലും കാണുന്നു. എനിക്ക് പേടിയാവുന്നു.." കുഞ്ഞന് പിന്നെയും സംശയം.

"പേടിക്കാനൊന്നുമില്ല മണ്ടാ.. നീ നോക്കിയ കണ്ണാടിയുടെ മുൻഭാഗം നോക്കിയോ..? അത് ഉള്ളിലേക്ക് കുഴിഞ്ഞല്ലേ ഇരിക്കുന്നത്.. അതോണ്ടാ അങ്ങനെ തോന്നണത്." മുതിർന്നവന് ഉത്തരമുണ്ടായിരുന്നു.

"അപ്പോ ഇതില് നോക്കുമ്പോൾ അപ്പുറത്തിരിക്കണ അമ്മയെ ശരിക്കും ചെറുതായി തോന്നുന്നുണ്ടല്ലോ.."

"അതോ അതിന്റെ മുൻഭാഗം ഒന്ന് തൊട്ട് നോക്ക്, പുറത്തേക്ക് തള്ളിയല്ലേ ഇരിക്കുന്നത്?"

"അതേയ് ഈ കണ്ണാടിക്ക് ഒരു ഗുലുമാലുണ്ടല്ലോ.. ഇതിൽ എന്റെ ഇടതുവശം വലതായും വലതുവശം ഇടതായും തോന്നുന്നു."

"അതിന്റെ മുൻവശം നോക്ക് പരന്നല്ലേ.. അത് കണ്ണാടികളുടെ പ്രത്യേകതയാടാ.."

കുഞ്ഞനും മുതിർന്നവനും ചോദ്യവും ഉത്തരവും തുടരുന്നത് കേട്ട അമ്മ പിന്നെയും ഒച്ചയുയർത്തി.

"കണ്ണാടി മാളിക കണ്ട് മതിയായാ വന്ന് ഉച്ചഭക്ഷണം കഴിക്കെടാ.. നാളെ സ്കൂൾ തുറക്കും. അതിന് മുമ്പെ സ്ഥലം വിടണം."

"അമ്മേ ഞങ്ങൾക്ക് വിശക്കിണില്ലാ.. കണ്ണാടി മാളിക കണ്ടപ്പോളേ വയറുനിറഞ്ഞു." കുഞ്ഞനെലികൾ പിന്നെയും കണ്ണാടി നോക്കി രസിക്കാൻ തുടങ്ങി.



പി കെ സുധി

ചിത്രീകരണം: കെ.സതീഷ്

# ഹോളോത്തൂറിയൻ

തലയില്ല. കൈയില്ല. കാലില്ല. വാലില്ല. ആരാണ് ഞാൻ?

തലച്ചോറു പുകയ്ക്കാതെ തന്നെ ഉത്തരം പറയാൻ ഒരു ക്ലൂ കൂടി നൽകാം. ഞാൻ പാടത്തിലും കടലിലുമുണ്ട്.

ഓ. എന്നിട്ടും മനസ്സിലായില്ലേ. എന്നാൽ വിശദമാക്കാം. കടൽവെള്ളരിക്കയാണ് ഞാൻ.

ഞങ്ങൾ എക്കിനോഡെർമെറ്റ (Echino-dermata) എന്ന ജീവിവിഭാഗ (ഫൈലം) ത്തിൽ പെടുന്ന നട്ടെല്ലില്ലാത്തവരാണ്. രൂപമേതാണ്ട് കരയിലെ വെള്ളരിക്കയുടേത് മാതിരിയായതിനാലാണ് കടൽവെള്ളരി (Sea cucumber) എന്ന പേരു വന്നത്. അസ്ഥികൾ, ഹൃദയം, ശ്വാസകോശം ഒന്നുമില്ലാത്ത പാവത്തുങ്ങൾ. ഭാഗ്യത്തിന് തീറ്റക്കുഴലുണ്ട് കേട്ടോ. ചുരുക്കത്തിലൊരു ഇല്ലായ്മ വല്ലായ്മക്കാരാണ്.

ആയിരത്തി ഇരുനൂറിൽപ്പരം ജാതി കടൽവെള്ളരികളുണ്ട്. അതിൽമാത്രം ഇല്ലായ്മയും വല്ലായ്മയുമില്ല. നട്ടെല്ലില്ലാത്തവരുടെ കൂട്ടത്തിലെ ഉന്നത ശ്രേണിക്കാരാണേ എക്കിനോഡെർമെറ്റുകൾ.


കടലിൽ കാണുന്ന ഞങ്ങളിൽ രണ്ടുമുതൽ ഇരുനൂറു വരെ സെൻറീമീറ്റർ വരെ നീളമുള്ളവരുണ്ട്. ഒന്നു മുതൽ ഇരുപതു സെൻറീമീറ്റർ വരെ വെള്ളരി വണ്ണവും. മൃദുവാണ് ശരീരം. ചിലർക്ക് നിറമുണ്ട്. നിങ്ങളുടെ മണ്ണിര എല്ലാ ചപ്പുചവറുകളും തിന്ന് അവശിഷ്ടങ്ങൾ മണ്ണിലിട്ട് ഫലപുഷ്ടി വരുത്താറില്ലേ! അതുപോലെ കടലിലെ ജൈവവസ്തുക്കൾ ഭക്ഷിച്ച് കടലിലെ ആഹാരശൃംഖലയെ സമ്പുഷ്ടമാക്കുന്ന ജീവികളാണ് ഞങ്ങൾ വെള്ളരിക്കൂട്ടങ്ങൾ.

ഇനി ഞാനൊരു വെള്ളരി നാടകത്തെ കുറിച്ചു പറയാം. അതിനു മുമ്പ് ഞങ്ങൾക്കുള്ള ഒരവയവത്തിനെ കുറിച്ചൊന്നു വിശദീകരിച്ചോട്ടെ. ശ്വാസോച്ഛ്വാസ മര (Respiratory - tree) മെന്നാണ് അവനു പേര്. ശരീരത്തിനുള്ളിൽ

**തലച്ചോറില്ലെങ്കിലും സ്പർശനവും വെളിച്ചവും തിരിച്ചറിയാനുള്ള ശേഷി ഞങ്ങൾക്കുണ്ട്. ഞങ്ങളുടെ കൂട്ടത്തിലും ആണും പെണ്ണും വെവ്വേറെ ജീവികളാണ്.**



കടൽവെള്ളരി




പടർന്നു കിടക്കുന്ന നാളീജാലങ്ങളാണ് ഇതിന്റെ ഭാഗമായി വരുന്നത്. ആഹാരവസ്തുക്കൾ പുറന്തള്ളുന്ന വിസർജന ദ്വാരത്തിലൂടെ ഇതു പുറത്തേയ്ക്ക് തുറന്നിരിക്കുന്നു. ചങ്കും ചോരയുമൊന്നുമില്ലാത്തതിനാൽ ഈ ശ്വാസോച്ഛ്വാസ മരത്തിലൂടെ അകത്തേയ്ക്ക് വലിച്ചെടുക്കുന്ന ജലത്തിലെ പ്രാണവായുവിനെയാണ് ശരീരപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നത്. കിഡ്നി മാതിരി ഇവനൊരു വിസർജനാവയവുമാണേ!

ഇനിയാണ് വെള്ളരി നാടകം. പൊതുവെ ശത്രുഭയം ഞങ്ങൾക്ക് കുറവാണ്. അൽപ്പസ്വൽപ്പം വിഷമുള്ളതാണ് പ്രധാന കാരണം. പിന്നെ, ചില ഒടിയൻ പരിപാടികളുമുണ്ട്. ആരെങ്കിലും ഞങ്ങളെ ഉപദ്രവിക്കാൻ വരുന്നതായി കരുതുക. വിസർജന ദ്വാരത്തിലൂടെ റെസ്പിറേറ്ററി ട്രീയെ പുറത്തേയ്ക്ക് തള്ളുകയാണ് പൂഴിക്കടകൻ പരിപാടി. കാട്ടും പടലും പോലെയുള്ള വസ്തുക്കൾ പുറത്തുവരുന്ന ഈ വിസർജനക്രിയ കണ്ട് ആരും പേടിച്ചുപോകും. വെള്ളരി തിന്നാൻ വന്ന ശത്രു പമ്പകടക്കും.

ഇതുകൊണ്ട് ഞങ്ങൾക്കൊരു നഷ്ടവുമില്ല. ശ്വസനാവയവം വൈകാതെ ഉള്ളിൽ വീണ്ടും മുളച്ചുവരുന്നു. കരയിലെ താമസക്കാരായ പല്ലികളുടെ വാലുമുറിക്കൽ മാതിരി തന്നെയാണ് ഞങ്ങളുടെ ഈ പരിപാടി. അതു പറഞ്ഞില്ലല്ലോ. എവിസെറേഷൻ എന്നാണ് ഈ പേടിയാക്കൽ പരിപാടിയുടെ പേര്.

ചിരിക്കരുതേ! ഞങ്ങളെ വർഗീകരിച്ചിരിക്കുന്നത് ഹോളോത്തുറിയ (Holothuria) എന്ന ക്ലാസിൽ(Class)ലാണ്.

ആൽഗകൾ, ചെറു കടൽജീവികൾ, കടലിലെ ജൈവാവശിഷ്ടങ്ങൾ എന്നിവയാണ് ഞങ്ങളുടെ ഭക്ഷണമെങ്കിൽ നിങ്ങൾ വലയിട്ടു ഞങ്ങളെ പിടിക്കുന്നതു ഭക്ഷണാവശ്യത്തിനാണ്. ബെചെ-ഡി-മെർ (Beche – de – mer) പ്രധാനപ്പെട്ടൊരു


ഹോളോത്തുറിയ വിഭാഗത്തിലെ ജീവികൾ

ചിത്രങ്ങൾക്ക് കടപ്പാട്: വിക്കിപീഡിയ

വെള്ളരി വിഭവമാണ്. ആയതിനാൽ വെള്ളരിക്കയ്ക്ക് കടലിലും കിടക്ക വയ്യ! പറഞ്ഞേക്കാം, കടൽവെള്ളരി കൊയ്ത്ത് നിരോധിച്ചിട്ടുണ്ട്. ഞങ്ങൾ സംരക്ഷിത ജീവികളുടെ പട്ടികയിൽ വരുന്നവരാണ്.

എക്കിനോഡെർമെറ്റുകളുടെ തനത് അവയവമാണ് ട്യൂബ് ഫീറ്റുകൾ. വായയുടെ ചുറ്റിലും അവ നീളമുള്ള സ്പർശനികളായി മാറിയിട്ടുണ്ട്. അവയുടെ സഹായത്താലാണ് ഞങ്ങൾ ഇരപിടിക്കുന്നത്. തലച്ചോറില്ലെങ്കിലും സ്പർശനവും വെളിച്ചവും തിരിച്ചറിയാനുള്ള ശേഷി ഞങ്ങൾക്കുണ്ട്. ഞങ്ങളുടെ കൂട്ടത്തിലും ആണും പെണ്ണും വെവ്വേറെ ജീവികളാണ്.

കന്യാകുമാരിയിൽ ഒരു ദേവിയുണ്ട്. കന്യകയാണ്. വിവാഹ നിശ്ചയമൊക്കെ കഴിഞ്ഞതിനുശേഷം ദേവിയുടെ കല്ല്യാണമങ്ങ് മുടങ്ങി. ദേവിക്ക് ദേഷ്യം വന്നു. സദ്യയൊരുക്കാൻ സംഭരിച്ച ചേനയും വെള്ളരിക്കയുമൊക്കെ കടലിൽ എറിഞ്ഞു കളഞ്ഞു. കടലിൽ ചേനയും വെള്ളരിക്കയുമുണ്ടായത്. അങ്ങനെയാണന്നാണ് കഥ! ഈ പാവം കടൽവെള്ളരിക്ക് ഒരപേക്ഷയുണ്ട്. കഥകളെ കഥകളായി തന്നെ കാണണേ കൂട്ടുകാരേ.. കെട്ടുകഥകളെ ശാസ്ത്രമാക്കരുതേ.




ഞങ്ങളുടെ വംശക്കാരനാണ് നക്ഷത്രമത്സ്യം. ഞങ്ങൾ വെള്ളരിക്കയല്ലാത്തതു പോലെ അവൻ മീനുമല്ല. എന്തൊക്കെയാണ് ഫൈലം എക്കിനോഡെർമെറ്റയിൽ വരുന്ന മറ്റുജീവികളുടെ പെരുമകൾ? നിങ്ങൾക്ക് അതൊക്കെ അന്വേഷിക്കാം.

ഇല്ലായ്മ വല്ലായ്മക്കാരുടെ മുമ്പിലും പിന്നിലുമുള്ള ഫൈലങ്ങൾ? പരിണാമപ്രക്രിയിൽ എക്കിനോഡെർമെറ്റുകൾക്കുണ്ടായത് ലാഭമോ? നഷ്ടമോ? അതും ചിന്തിക്കാനുള്ള വിഷയമാണ്. ✷

## രചനകൾ അയയ്ക്കുമ്പോൾ

യുറീക്കയിലേക്കുള്ള രചനകൾ യൂണികോഡ് ഫോണ്ടിൽ ഇ–മെയിലായി അയക്കുന്നതാണ് ഏറ്റവും സൗകര്യം. വിലാസം eurekakssp@gmail.com

തപാലിൽ അയയ്ക്കുകയാണെങ്കിൽ എഡിറ്റർ, യുറീക്ക, ചാലപ്പുറം പി ഒ, കോഴിക്കോട് 673002 എന്ന വിലാസത്തിലാണ് അയക്കേണ്ടത്. വാട്സ് ആപ്പിൽ അയക്കുന്നത് ഒഴിവാക്കുക. പേജ് മേക്കർ ഫയൽ അയക്കുകയാണെങ്കിൽ പി ഡി എഫ് കൂടി അയയ്ക്കണം.



# എരവത്തെ കുന്നേ

**വിമീഷ് മണിയൂർ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

എരവത്തെ കുന്നേ കുറുക്കൻ കുന്നേ
ഏഴാം മലങ്കാറ്റ് വീശ്ശും കുന്നേ
കൂരാക്കൂരിരുള് വട്ടംചുറ്റി
വെളിഞ്ഞില്* പോലെപ്പിടിച്ച കുന്നേ

പെറ്റ് പെരുകിയ പാറക്കൂട്ടം
പച്ചയ്ക്ക് കള്ളുകുടിക്കും പന
ചന്തത്തിപ്പോളുംചീകാമുടി
വെയിലത്തൂണാക്കി വിരിക്കും പെണ്ണ്

മുള്ള് മുരിക്ക് മുറിഞ്ഞ തേക്ക്
മൂപ്പെത്തിച്ചോല വിരിച്ച തളിർ
ഉപ്പൂത്തിമപ്പൂത്തി മാങ്ങാമരം
മഞ്ഞച്ച ചേര കിടക്കും പോലെ

കാലൊന്നുകുത്തിയാൽ കാരമുള്ള്
കൊമ്പൊന്ന് താഴ്ത്തിയാൽ ചേര് മരം
പൂവൊന്ന് കാണണേ പൂവരശ്
കാണാതെ കാണണേൽ പാലമരം



കയ്യൊന്നു കുത്തിയാൽ നായ്ക്കൊരണ
മൂക്കൊന്ന് താഴ്ത്തിയാൽ മാങ്ങയിഞ്ചി
പത്തല്ല നൂറല്ല പത്തായിരം
പന്തലുകെട്ടി വിരിച്ച കുന്ന്

*ചക്കപ്പശ, ചക്കയരക്ക്, മൊളഞ്ഞി, വെളഞ്ഞറ് എന്നെല്ലാം പറയും*

ഓർമ യുറീക്ക@50

യുറീക്ക പ്രസിദ്ധീകരണത്തിന്റെ അമ്പതാം വർഷത്തിലേക്ക് പ്രവേശിച്ചു. പിന്നിട്ട വർഷങ്ങളിലെ ചില മികച്ച രചനകൾ വായനക്കാർക്ക് പരിചയപ്പെടുത്തുകയാണ് ഈ സന്തോഷവേളയിൽ. 1990 ഡിസംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച ഒരു മത്സരഫലം കാണൂ.

ഒപ്പം 1996 ഒക്ടോബർ ലക്കത്തിലെ ഒരു കവിതയും

**യുറീക്കയുടെ ഭാവനാപംക്തിയിൽ കൂട്ടുകാർക്ക് നൽകിയ മത്സരം ഓർമയുണ്ടോ? സെപ്റ്റംബർ ലക്കത്തിൽ? വിഷയം ഞാനൊരു ആനയായിരുന്നെങ്കിൽ എന്നായിരുന്നു. മുന്നൂറിലേറെ കൂട്ടുകാർ തങ്ങളുടെ ഭാവനാ ലോകത്തിലേറി അതിനു മറുപടി അയച്ചു. അതിൽ ഏറ്റവും മനോഹരമായ ഭാവന ഇതാ. ലിജിൻ ജോസിന്റേത്.**

# ഞാൻ ആനയായാൽ

## അമ്മാവാ!

ഞാനൊരു ആനയായാൽ...

ഹഹഹഹ....

എപ്പോഴും വെള്ളം കോരിക്കൊടുക്കാൻ പറയുന്ന എന്റെ അമ്മയ്ക്ക് തുമ്പിക്കൈ നിറയെ വെള്ളം ചീറ്റിച്ചുകൊടുക്കും!

ഇപ്പോൾ തന്നെ ശർക്കരക്കൊതിയനായ ഞാൻ ആനയായാലുള്ള കാര്യം പറയണോ? ശർക്കരക്കടകളും കരിമ്പിൻ തോട്ടങ്ങളും കാലിയാക്കും.

ഞാൻ ആനയായാൽ...

25 മീറ്റർ റേഷൻ തുണി വാങ്ങി ഒരു 'കൊച്ചു' കുട്ടിയുടുപ്പ് തയ്പ്പിച്ചിട്ടും. ആനയാണെന്നു വച്ച് ഉടുക്കാതെ നടന്നാൽ നാണമാവുകയില്ലേ?

അടുത്തുള്ള സിനിമാ തീയേറ്ററിൽ ചെന്ന് കോൺക്രീറ്റ് കാലുകളോട് കൂടിയ നാലു സീറ്റു റിസർവ് ചെയ്ത് മാറ്റിനി കാണും.

വൈകീട്ട് നേരത്തെ തന്നെ എന്നും നാട്ടിലെ സാക്ഷരതാ കേന്ദ്രത്തിലെത്തും. ബോർഡില്ലാതെ വിഷമിക്കുന്ന ആ കേന്ദ്രത്തിൽ ക്ലാസുകഴിയും വരെ നിന്ന് ഞാൻ ബോർഡാകും. സത്യം.

എന്ന്, സ്വന്തം

**സാങ്കൽപ്പിക ആന യൂണിയൻ സെക്രട്ടറി**
**കൈനകരി വാഴും ലിജിൻ**
*(ഒപ്പ്)*



ചിത്രീകരണം: രാജീവ് എൻ.ടി.

'ഞാൻ ആനയായാൽ' വായിച്ചുവല്ലോ. ഇഷ്ടപ്പെട്ടോ. നിങ്ങളെപ്പോലുള്ള ഒരു കൊച്ചുകൂട്ടുകാരൻ അന്ന് (1990 ൽ) എഴുതിയതാണ്. ഇന്നിപ്പോൾ ആള് വലുതായി. സിനിമാമേഖലയിൽ പ്രവർത്തിക്കുന്നു. ലിജിൻ ജോസ് മാമനെ യുറീക്ക തേടിപ്പിടിച്ചു. 'ഞാൻ ആനയായാൽ' നെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം അദ്ദേഹത്തെ വാട്സ് ആപ്പ് വഴി അറിയിക്കൂ. നമ്പർ 9037610530.

# ഒന്നല്ലോ മാനവർ നമ്മൾ

സത്യചന്ദ്രൻ പൊയിൽക്കാവ്

ചിത്രീകരണം: കെ.സതീഷ്

മലയാളം കേൾക്കാൻ വായോ
മാമലകൾ കാണാൻ വായോ
മഴ പെയ്യുന്നേരം പുഴയുടെ
മയിലാട്ടം കാണാൻ വായോ

മഞ്ഞളമീനാട്ടിൽ മാധവ–
കാലങ്ങൾ കാണാൻ വായോ
മനസ്സിന്റെ തീരത്തഴകിൻ
കാവുകൾ തീർക്കാൻ വായോ

പൊന്നോണക്കാലം വയലിൽ
കിന്നാരം പറയും കാറ്റിൽ
ഒന്നിച്ചുനടക്കാൻ വായോ
ഒന്നല്ലോ മാനവർ നമ്മൾ




കവിത കേൾക്കാൻ
സ്കാൻ ചെയ്യൂ...



## പ്രേമജ ഹരീന്ദ്രൻ

3

ചിത്രീകരണം: റോഷൻ




"പാഠപുസ്തകം തുറക്കൂ എല്ലാവരും."
വിലാസിനിടീച്ചർ പറഞ്ഞപ്പോൾ എല്ലാവരും ബാഗ് തുറന്ന് പാഠപുസ്തകമെടുത്ത് മുന്നിൽ വെച്ചു. സുപ്പു എത്ര തിരഞ്ഞിട്ടും പുസ്തകം കാണുന്നില്ല.

"ടീച്ചറേ, ന്റെ ബുക്ക് കാണുന്നില്ല."

"ഹും! മിണ്ടാണ്ടിരിക്കെടാ.." ടീച്ചർ കയ്യിലുള്ള വടികൊണ്ട് മേശപ്പുറത്ത് ആഞ്ഞടിച്ചു. പാവം സുപ്പു! അത് അവന്റെ പുറത്തുകൊണ്ടതുപോലെ യാണ് അവന് തോന്നിയത്. അടുത്തിരിക്കുന്ന രാഹുലിന്റെ ബുക്ക് നോക്കാം. മെല്ലെ അതൊന്ന് അടുത്തേക്ക് വലിച്ചു. പക്ഷേ, രാഹുൽ ശക്തിയിൽ പിടിച്ചിട്ടുണ്ടായിരുന്നു.

പുസ്തകത്തിന്റെ പേജ് കീറി സുപ്പുവിന്റെ കയ്യിലായി.

"അയ്യോ, സുഫിയാൻ എന്റെ പുസ്തകം കീറി. ടീച്ചറേ എന്റെ പുസ്തകം."

രാഹുൽ ഉറക്കെ കരയാൻ തുടങ്ങി.

ടീച്ചർക്ക് ദേഷ്യം വന്നു. മുഖം ചുവന്നു. സുപ്പുവിന് മുട്ട് കൂട്ടിയിടിച്ചു. അടി ഇപ്പോ വീഴും. അവൻ കണ്ണടച്ചുനിന്നു. കുറച്ചുനിമിഷം കഴിഞ്ഞ് കണ്ണുതുറന്നപ്പോൾ തുറിച്ചുനോക്കിക്കൊണ്ട് മുന്നിൽ ടീച്ചർ.

ഭാഗ്യം; വടിയെടുത്തില്ല! ഹമ്മോ, തൽക്കാലം രക്ഷപ്പെട്ടു. ആരാണാവോ ഈ ക്ലാസ്സിൽ ചൂരൽ കൊണ്ടുവെച്ചത്? ഇന്ന് സ്കൂൾ വിട്ടാൽ ആരും കാണാതെ അതെടുത്ത് ജനലിൽക്കൂടി പുറത്തെറിയണം. സുപ്പു മനസ്സിൽ ചില പദ്ധതികളൊക്കെ തയ്യാറാക്കി.

"സുപ്പൂ, നീ എന്താ എഴുതാത്തത്?"

ടീച്ചറാണ്. 'ങേ! എന്തെഴുതാൻ?' സുപ്പു നോക്കുമ്പോൾ എല്ലാവരും കൈകൊണ്ട് വായുവിൽ എന്തോ വരയ്ക്കുകയാണ്. ആലോചനയ്ക്കിടയിൽ അവൻ ഒന്നും കേട്ടില്ല.

ടീച്ചർ വലിയ അക്ഷരത്തിൽ ബോർഡിൽ 'റ' എന്നെഴുതിയിട്ടുണ്ട്. ടീച്ചർ ഉറക്കെപ്പറഞ്ഞു. "ഇതാണ് 'റ' നിങ്ങൾഎവിടെയെങ്കിലും കണ്ടിട്ടുണ്ടോ ഇത്?"

"റ, റ, റ" ടീച്ചർ വായ നല്ലോണം തുറന്ന് പറയുന്നുണ്ട്.

ടീച്ചറുടെ വായ ശരിക്കും 'റ' പോലുണ്ട് പറഞ്ഞാലോ? അല്ലേൽ വേണ്ട.

'റ' കഴിഞ്ഞ് ടീച്ചറിപ്പോൾ 'ര'യിലെത്തി.

"നോക്കൂ കുട്ടികളെ 'റ'യെടുത്ത് ദാ, ഇങ്ങനെ ഉള്ളിലേക്ക് കൊണ്ടുപോയാൽ 'ര' യായി. 'ര'കണ്ടോ."

ടീച്ചറെ ഒന്നു സന്തോഷിപ്പിക്കാനെന്താ വഴി എന്ന് ആലോചിച്ചു നിൽക്കുമ്പോഴാണ് സുപ്പു തൊട്ടു മുന്നിലിരിക്കുന്ന മേഘയുടെ തലയിലെ ഹെയർബാൻഡ് കണ്ടത്. ശരിക്കും 'റ' തന്നെ. ഇതുകൊണ്ട് ഒരു 'ര'യുണ്ടാക്കി ടീച്ചർക്ക് കാണിച്ചുകൊടുക്കാം. സുപ്പു അത്ര മോശക്കാരനല്ലെന്ന് ടീച്ചർ അറിയട്ടെ.

ഹെയർബാൻഡ് വലിച്ചെടുത്ത് എഴുന്നേറ്റ് നിന്ന് 'ടീച്ചറേ നോക്ക് ദാ 'ര' എന്ന് പറഞ്ഞ് വളയ്ക്കാൻ തുടങ്ങി. 'ടപ്.'

ഹെയർബാൻഡ് രണ്ടായി പൊട്ടി.



ടീച്ചറുടെ അടിയായിരുന്നോ ആദ്യം അതോ മേഘയുടെ കരച്ചിലായിരുന്നോ? സുപ്പുവിന് ഓർമയേയില്ല.

"ന്റമ്മോ.." സുപ്പു നിലവിളിച്ചു.

"തല്ലല്ലേ സീച്ചറേ, ഞാൻ 'ര' ണ്ടാക്കിതല്ലേ...?"

"ഹ്ഉം, അവന്റെയൊരു ര..." ടീച്ചർക്ക് കലി അടങ്ങുന്നേയില്ല.

"വല്ലാത്ത ദ്രോഹമാ ഇവനെക്കൊണ്ട് ക്ലാസ്സിൽ," ടീച്ചർ ഹെഡ്മാസ്റ്ററോട് പരാതിപ്പെടുന്നതും സുപ്പു കേട്ടു.

പക്ഷേ, സുപ്പുവിനിഷ്ടമായിരുന്നു സ്കൂളിൽ വരാൻ. വീട്ടിൽ അവൻ ഒറ്റയ്ക്കല്ലേ. ഉമ്മ പണിക്ക് പോയിക്കഴിഞ്ഞാൽ ആരുമില്ല. സ്കൂളിലാണെങ്കിൽ കുറേ ആളുകളും ബഹളവും. അതുകൊണ്ട് എത്ര അടി കിട്ടിയാലും ആരൊക്കെ വഴക്ക് പറഞ്ഞാലും കൃത്യമായി അവൻ സ്കൂളിലെത്തിയിരുന്നു.

(തുടരും)


## യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി

**വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം**

www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

സ്കാൻ ചെയ്യൂ, വരിക്കാരാകൂ

വാർഷിക വരിസംഖ്യ

**യുറീക്ക– ₹ 300** **ശാസ്ത്രകേരളം– ₹ 200** **ശാസ്ത്രഗതി– ₹ 200**

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com

# കാഴ്ചപ്പുറം

സുരഭിവചന

## ദിനാചരണം

1971 ഫെബ്രുവരി 2. ഇറാനിലെ കാസ്പിയൻ കടലോരത്തെ പേരുകേട്ട റാംസർ പട്ടണത്തിൽ വെച്ച് ഒരു ലോക ഉച്ചകോടി നടന്നു. അതിൽവെച്ചാണ് തണ്ണീർത്തട ഉടമ്പടി ഒപ്പുവെയ്ക്കുന്നത്. പിന്നീട് തണ്ണീർത്തട സംരക്ഷണത്തെക്കുറിച്ച് വലിയ ചർച്ചകൾ ഉയർന്നുവന്നു. ഒടുവിൽ 1997 ഫെബ്രുവരി 2 മുതൽ ആഗോളതലത്തിൽ തണ്ണീർത്തട ദിനമായി ആചരിക്കാൻ യു.എൻ.ആഹ്വാനം ചെയ്തു. അന്നു മുതൽ എല്ലാ ഫെബ്രുവരി രണ്ടും ലോക തണ്ണീർത്തടദിനമായി ആചരിക്കുന്നു.

## തണ്ണീർത്തടവും നിരീക്ഷിക്കലും

ഇന്ത്യയിൽ ആദ്യമായി നെൽവയലുകളെയും തണ്ണീർത്തടങ്ങളെയും സംരക്ഷിക്കാനുള്ള ഒരു നിയമം വരുന്നത് കേരളത്തിലാണ്, 2008 ൽ. അനിയന്ത്രിതമായി ഇവ നികത്തുന്നതിൽ നിന്നും രൂപാന്തരപ്പെടുത്തലുകളിൽനിന്നും സംരക്ഷിക്കാനായി സർക്കാറുണ്ടാക്കിയ നിയമമാണിത്. ഈ നിയമത്തെ എന്നും നാം ഓർക്കണം. തണ്ണീർത്തടങ്ങളെയും മറ്റും ഭാവി തലമുറയ്ക്ക് ഉപയോഗിക്കാൻ പാകത്തിൽ തിരിച്ചു നൽകുകയും വേണം.

ഇനി ഒരു കാര്യം ചെയ്യാമോ?

നിങ്ങളുടെ സമീപത്തെ ഒരു തണ്ണീർത്തടം സന്ദർശിച്ച്, നിരീക്ഷിച്ചശേഷം അതേക്കുറിച്ച് വിശദമായി യുറീക്കയ്ക്ക് എഴുതു.






## സമ്മാനച്ചോദ്യം

### ഇലചുരുട്ടിപ്പുഴു

അതാ, നെൽച്ചെടികൾക്കുമേലെ ഒരാൾ... നെല്ലോലകൾ വളച്ചുകൂട്ടി യോജിപ്പിച്ച് അവയ്ക്കുള്ളിലാണ് ഇരിക്കുന്നത്. നെല്ലോലക്കൂട് തുറന്നാൽ ഇളം പച്ച നിറമുള്ള പുഴു താഴേക്ക് വീഴുകയായി. അല്ലെങ്കിൽ സിൽക്കുനൂലിൽ തൂങ്ങിയാടും. മൂപ്പരുടെ പ്രധാന ജോലി നെല്ലോലപ്പച്ച കാർന്നുതിന്നലു തന്നെയാണ്. തിന്നു തിന്ന് പൂർണവളർച്ചയെത്തുമ്പോൾ പുഴു ഇലക്കൂട്ടിനകത്തിരുന്ന് സമാധിയാവും. പിന്നെ ശലഭമായി കൂടുപൊട്ടിച്ച് പറന്നകലും. ഈ പച്ചപ്പുഴുവിന്, ഇലചുരുട്ടിപ്പുഴുവിന് പൂമ്പാറ്റയായാൽ വൈക്കോലിന്റെ നിറമാണ്.









ഏതാണീ പൂമ്പാറ്റ?
പേരു പറയൂ. സമ്മാനം
തരാം.


നെല്ലോലകളിൽ
കീടനാശിനി തളിച്ചും
ഇലക്കൂട്ടുകൾ മുറിച്ചെടുത്ത്
ാശിപ്പിച്ചും ഇലചുരുട്ടിപ്പുഴുവിനെ കൊന്നു
ുന്നതുകൊണ്ട് ഈ ശലഭം അപൂർവമായി
ിരിക്കുകയാണിപ്പോൾ. പിന്നെ നെൽവ
ളും നികത്തി നികത്തി തീർന്നു കഴിഞ്ഞു
.



**ഇല്ലാതായവർ**

## കുതിരയുടെ മുൻഗാമി

ഇയോഹിപ്പസ് എന്ന് കേട്ടിട്ടുണ്ടോ? കുതിരയുടെ വംശത്തിൽ ഏറ്റവും പഴക്കമുള്ളവ ഇവയായിരുന്നു. 5 കോടി വർഷങ്ങൾക്കു മുമ്പ് (ഇയോസീൻ യുഗത്തിൽ) ജീവിച്ചിരുന്നവ. കഷ്ടി 30 സെ.മീ. ഉയരം, മെലിഞ്ഞ മുഖം, വളഞ്ഞ മുതുക്, നീണ്ട വാൽ. പിൻവാലിൽ മൂന്നും മുൻകാലിൽ നാലും വിരലുകളുണ്ടായിരുന്നു.








**സസ്യലോകം**

## ജലം ആഹാരം

എന്താ കറ്റാർവാഴയുടെ പോളകൾ തടിച്ച് വെള്ളം നിറഞ്ഞ് ഇരിക്കുന്നത്? പലരുടെയും സംശയമാണ്. പറയട്ടെ. ചില ഇലകൾ ജലവും ആഹാരവും സംഭരിച്ചുവയ്ക്കാറുണ്ട്. അതിൽപ്പെട്ടവയാണ് കറ്റാർവാഴയും ഉള്ളിയുമെല്ലാം.



# ഞങ്ങൾ ഗ്രഹണം കണ്ടേ...

പതിവിന് വിപരീതമായി ഇത്തവണ ആയിരക്കണക്കിന് ആളുകൾ സൂര്യഗ്രഹണം കണ്ടു. വീട്ടിൽ അടച്ചിരിക്കാതെ പുറത്തിറങ്ങി ആകാശവിസ്മയത്തിന് സാക്ഷികളായി എന്നതു മാത്രമല്ല, ആ സമയത്ത് ഭക്ഷണം കഴിക്കുന്നതു കൊണ്ട് യാതൊരു കുഴപ്പമില്ലെന്നും തെളിയിച്ചു. മുതിർന്നവരോടൊപ്പം കുട്ടികളും ധാരാളമായി ഗ്രഹണം കാണാനുണ്ടായിരുന്നു. അത്തരം ഒരവസ്ഥ രൂപപ്പെടുത്തുന്നതിൽ യുറീക്കയും എളിയ പങ്ക് വഹിച്ചിട്ടുണ്ട്.

ഗ്രഹണം കണ്ട എല്ലാ കൂട്ടുകാരേയും യുറീക്ക അഭിവാദ്യം ചെയ്യുന്നു. എന്നാൽ ഗ്രഹണാനുഭവം എഴുതാൻ ആവശ്യപ്പെട്ടതിനോട് കൂട്ടുകാർ ക്രിയാത്മകമായി പ്രതികരിച്ചില്ല. വളരെ കുറച്ചുപേരേ കുറിപ്പുകൾ അയച്ചുള്ളൂ. നേരിൽ കണ്ട ഒരു കാര്യം ഒരു കുറിപ്പായി എഴുതുന്നതിൽ എന്താണ് ഇത്ര പ്രയാസം?എഴുതുന്നതിനാണോ മെയിൽ അയക്കുന്നതിനാണോ കൂട്ടുകാർക്ക് മടി?മെയിൽ ഐഡി ഇല്ലാത്ത പ്രശ്നമുണ്ടോ? സ്വന്തമായി ഇ മെയിൽ വിലാസം ഉണ്ടാക്കാൻ രക്ഷിതാക്കളുടെയോ അധ്യാപകരുടെയോ സഹായം തേടൂ. എന്നിട്ട് priyappettaeureke@gmail.com ലേക്ക് മാമന് ഒരു മെയിൽ അയയ്ക്കൂ.

## അത് ഞാനങ്ങ് പരിഹരിച്ചു

വലയ സൂര്യഗ്രഹണം കാണണമെന്നായിരുന്നു എന്റെ ആഗ്രഹം. പക്ഷേ അത് എന്റെ നാട്ടിൽ കാണാനാവില്ല. എങ്കിലും ഞാൻ വീടിന്റെ ടെറസിൽ കയറിനിന്ന് ഭാഗിക സൂര്യഗ്രഹണം കണ്ടു. ആ ദൃശ്യം വളരെ മനോഹരമായിരുന്നു. അന്ധവിശ്വാങ്ങൾ തീർക്കാനായി ഞാൻ ഭക്ഷണം കഴിച്ചുകൊണ്ടുതന്നെ ഗ്രഹണം ആസ്വദിച്ചു.

മുന്നൊരുക്കമായി ഗ്രഹണം സുരക്ഷിതമായി നിരീക്ഷിക്കാനുള്ള ബോക്സ് പ്രൊജക്ടർ നിർമിച്ചിരുന്നു. ഒരു വലിയ കാർഡ്ബോർഡ് പെട്ടിയിൽ ഒരു വശത്ത് മുകൾ ഭാഗത്ത് അലൂമിനിയം ഫോയിലിൽ പിൻഹോളിട്ട് ഒട്ടിച്ച് അതിന്റെ എതിർവശത്ത് ഉള്ളിലായ് വെള്ള പേപ്പർ ഒട്ടിച്ചാണ് ഞാൻ അത് നിർമിച്ചത്.



യുറീക്കോത്സവത്തിൽ പങ്കെടുത്തപ്പോൾ അവിടെ നിന്ന് കിട്ടിയ സൗരക്കണ്ണടയും ബോക്സ് പ്രൊജക്ടറും മാറി മാറി ഉപയോഗിച്ച് ഞാൻ സൂര്യഗ്രഹണം ആസ്വദിച്ചു.

വലയസൂര്യഗ്രഹണം കാണാൻ സാധിക്കാത്ത വിഷമം ഞാൻ ഭാഗിക സൂര്യഗ്രഹണം കണ്ടുകൊണ്ട് പരിഹരിച്ചു.

**എസ്.സിദ്ധാർത്ഥ്,** സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ്., അട്ടൂർ, ചേർത്തല, ആലപ്പുഴ – 688534

## എല്ലാവരും കണ്ടു

എലത്തൂർ പബ്ലിക് ലൈബ്രറിയിൽ നടന്ന ബാലവേദി ശിൽപ്പശാലയിൽ ഞാൻ പങ്കെടുത്തിരുന്നു. അവിടെ വന്ന മുഖ്യാതിഥികൾ ഗ്രഹണത്തെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ പറഞ്ഞുതന്നു. അതോടൊപ്പം ഗ്രഹണം കാണാനുള്ള ഉപകരണവും ഉണ്ടാക്കാൻ പഠിപ്പിച്ചു. ഞാനുമുണ്ടാക്കി ഒരെണ്ണം.

അങ്ങനെ ആ ദിവസമെത്തി. രാവിലെ എഴുന്നേറ്റപ്പോൾ സൂര്യനെ കാണാത്തതുപോലെയുള്ള കാലാവസ്ഥ ആയിരുന്നു. സൂര്യഗ്രഹണം കാണാൻ ഞാൻ രാവിലെ മുതൽ ഉമ്മയെ 'ഇടങ്ങേറാ'ക്കിക്കൊണ്ടിരുന്നു. 8.15 ന് ശേഷമേ സൂര്യഗ്രഹണം നമുക്ക് കാണാനാകൂ എന്ന് ഉമ്മ പറഞ്ഞു. ഞാനും ഉമ്മയും വാവയും 9 മണിയായപ്പോൾ ഉപകരണവുമായി മുറ്റത്തേക്കിറങ്ങി. ആദ്യം ഞങ്ങൾ കണ്ടു. പിന്നെ ചില അയൽവാസികളും കൂട്ടുകാരുമെല്ലാം വന്നു. ഗ്രഹണം കണ്ടവരെല്ലാം ആർപ്പും കൂക്കിവിളിയുമായി എന്റെ വീടൊരു പൂരപ്പറമ്പാക്കി. ഇതുകേട്ട് വീടിനുള്ളിൽ കുത്തിയിരുന്ന അയൽവാസികൾ പോലും മുറ്റത്തേക്കിറങ്ങി എന്താണ് വിശേഷം എന്ന് അന്വേഷിച്ചു. ഞാൻ സൂര്യഗ്രഹണത്തെപ്പറ്റി പറഞ്ഞുകൊടുത്തു. പിന്നെ അയൽവാസികളും ഉമ്മയുമെല്ലാം പഴയകാലത്തെ സൂര്യഗ്രഹണ കഥകൾ പറയാൻ തുടങ്ങി. അങ്ങനെ എല്ലാവരും ഗ്രഹണം കണ്ടു.

**ആയിഷ റുഷ്ദ കെ.ടി.,** ജി.എം.എൽ.പി.സ്കൂൾ, എലത്തൂർ, കോഴിക്കോട്.

## എന്തുരസം!

സൂര്യഗ്രഹണം ഞാൻ കണ്ടത്, വല്യമ്മയുടെ വീടിനടുത്തുള്ള പാടത്ത് നിന്നാണ്. സൗരക്കണ്ണട വച്ചാണ് നോക്കിയത്. സൂര്യന് വക്ക് പൊട്ടിയ പപ്പടത്തിന്റെ രൂപമാണ് എന്നാണ് ആദ്യം എനിക്ക് തോന്നിയത്. പിന്നെ ഒരു തോണിപോലെ തോന്നി. കുറച്ചു കഴിഞ്ഞപ്പോൾ ഒരു വലയം പോലെ തോന്നി. ഇത് നല്ല രസം തന്നെ.

**ദിയാലക്ഷ്മി,** 2 ാം ക്ലാസ്, വടക്കേക്കര എ.എൽ.പി. സ്കൂൾ, കവളപ്പാറ, ഷൊർണൂർ –679523

## സൂര്യൻ ചിരിച്ച ദിനം

ഞാൻ എറണാകുളം ജില്ലയിൽ ആയതിനാൽ വലയസൂര്യനെ കാണാൻ കഴിഞ്ഞില്ല. ഞങ്ങളുടെ പ്രദേശത്തിലെ ബാലവേദിയിലെ കുട്ടികൾ




ഡിസംബർ ആദ്യം മുതലേ ഗ്രഹണത്തെ വരവേൽക്കാൻ കാത്തിരിക്കുകയായിരുന്നു. ബാലവേദിയിൽ ഒരു വിശദീകരണക്ലാസ് ഉണ്ടായിരുന്നു. അതു കൂടാതെ ഞങ്ങൾ സൗരക്കണ്ണടയും സൗരദർശിനിയും ഉണ്ടാക്കി. ഗ്രഹണദിവസം രാവിലെ കുട്ടികളും മുതിർന്നവരും ചേർന്ന് സൗരദർശിനികൾ തയ്യാറാക്കി വച്ചു.

ഗ്രഹണം തുടങ്ങിയപ്പോൾ ഞങ്ങൾ ഗ്രഹണത്തിലെ ഘട്ടങ്ങൾ പുസ്തകത്തിൽ അടയാളപ്പെടുത്തി. ഗ്രഹണസമയത്ത് ഏറ്റവും സന്തോഷം തോന്നിയത് മറ്റൊരു കാര്യത്തിനാണ്. വാഹനത്തിൽപോകുന്നവർ ഉൾപ്പെടെയുള്ള വഴിയാത്രികരെ ഗ്രഹണം കാണാൻ ഞങ്ങൾ ക്ഷണിച്ചു. അവർക്ക് സൗരക്കണ്ണടകൾ കൊടുത്തു. ഞങ്ങൾ എല്ലാവർക്കും ഗ്രഹണ സമയത്ത് മധുരകൊഴുക്കട്ടയും കൊടുത്തു. വഴിപോക്കർ പലരും ചോദിച്ചു, 'ഗ്രഹണം കണ്ടാൽ എന്തെങ്കിലും കുഴപ്പം ഉണ്ടാകുമോ' എന്ന്. ഞങ്ങൾ അവരുടെ എല്ലാ സംശയങ്ങളും തീർത്തു. പല മുതിർന്നവരും ഗ്രഹണം ആദ്യമായി കാണുകയാണെന്നും പറഞ്ഞു. അതിനുശേഷം കുറച്ചുനേരം തണലത്തിരിക്കണമെന്നു കരുതി മാവിൻചുവട്ടിലെത്തിയപ്പോഴതാ

നിലത്തു മുഴുവൻ ഗ്രഹണസൂര്യന്മാർ! ഞങ്ങൾ വീട്ടിലേക്കോടി ഫോണെടുത്ത് ഗ്രഹണസൂര്യന്മാരുടെ ഫോട്ടോ എടുത്തു. ഗ്രഹണം പരമാവധിയായപ്പോൾ അന്തരീക്ഷം ചെറുതായൊന്നിരുണ്ടു. മൈലാർ ഷീറ്റിലൂടെ വളയുടെ പകുതിപോലുള്ള സൂര്യൻ എന്നെ നോക്കി ചിരിച്ചു. ജീവിതത്തിലാദ്യമായി ഞാൻ അങ്ങനെ മാനത്തൊരു സൂര്യക്കല കണ്ടു!

**ഭദ്ര ആർ.എസ്.**, 7 ാം തരം, ജി.യു.പി.എസ് അല്ലപ്ര, അല്ലപ്ര പി.ഒ., പെരുമ്പാവൂർ, എറണാകുളം 683556

## ഇനിയും നേരം പുലരാത്തവരുണ്ടേ

ഗ്രഹണം, സൂര്യഗ്രഹണം, വലയസൂര്യഗ്രഹണം. ഇതിനെ ഞാൻ 2018 ലേ കൊതിച്ചു തുടങ്ങിയിരുന്നു. അന്ന് ഞാൻ ഏതോ ഒരു പുസ്തകത്തിൽ വായിച്ചതാ. പിന്നീട് ഈ വാർത്ത അറിയുന്നത് യുറീക്കയിലാണ്. ഡിസംബർ 1 ലെ ലക്കത്തിൽ.

ഡിസംബർ 25 വൈകുന്നേരം 4 മണി. ഞാനും അച്ഛവും കൂടി സേതുമാധവൻ സ്മാരക വായനശാലയിലേക്കു പോയി. അവിടെ ഒരു ബസ് ഞങ്ങളെ കാത്തിരിക്കുന്നുണ്ടായിരുന്നു. എല്ലാവരും വന്നപ്പോൾ ബസ് തസ്രാക്കിലേക്ക് പുറപ്പെട്ടു.

10 മിനിട്ടിനുള്ളിൽ അവിടെ എത്തി. എല്ലാവരും ഇറങ്ങി ഫോട്ടോ എടുത്ത് തസ്രാക്കിലേക്ക് കയറി. അവിടെ ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുന്നുണ്ട്. ഞാനും അച്ഛവും കൂടെ ഹാളിലേക്ക് കയറി.

ഉദ്ഘാടന ചടങ്ങ് കഴിഞ്ഞ് ഗ്രഹണത്തെക്കുറിച്ച് ഒരു ക്ലാസ് ഉണ്ടായിരുന്നു. സംശയം ചോദിക്കാനുള്ള അവസരം തന്നു.

ഞാൻ ഒരു ചോദ്യം ചോദിച്ചു. "നമ്മളൊക്കെ ഗ്രഹണം കാണുമ്പോൾ കണ്ണിന് കാഴ്ച നഷ്ടപ്പെടും. അപ്പോൾ മൃഗങ്ങൾക്ക് എന്ത് സംഭവിക്കും." കേട്ടപാടെ ടീച്ചർ മുകളിലേക്ക് നോക്കി. പിന്നിൽ നിന്നും കൂവൽ തുടങ്ങി. പിന്നെ എന്തോ പറഞ്ഞു.

ക്ലാസ് കഴിഞ്ഞ് കഞ്ഞിയും ചെറുപയറും അച്ചാറും കഴിച്ച് പുറത്തേക്കിറങ്ങി. നേരം നന്നായി ഇരുട്ടിയിരുന്നു. രാത്രി വർത്തമാനം പറഞ്ഞു പറഞ്ഞ് 1.15 ആയി കിടന്നുറങ്ങാൻ.

ഗ്രഹണദിവസം. രാവിലെ എഴുന്നേറ്റ് തലേന്നത്തെ ക്ലാസിൽ പറഞ്ഞുതന്ന ആപ്പ് ആയ eclipse 2.0 ഒരു ഏട്ടന്റെ ഫോണിൽ കയറ്റി. അതിന് ഗ്രഹണം പ്രവചിക്കാൻ സാധിക്കും.

സമയമായപ്പോൾ സൗരക്കണ്ണട വാങ്ങിച്ച് പുറത്തുപോയി നോക്കി. ചന്ദ്രൻ സൂര്യനെ കാൽ ഭാഗം മറച്ചിട്ടുണ്ടായിരുന്നു. അപ്പോൾ റിനേഷേട്ടൻ പറഞ്ഞു. 'നിങ്ങൾ മുകളിൽ ഖസാക്കിലേക്ക് പോയ്ക്കോ. പോയി



വരുമ്പോഴേക്കും വലയമായിട്ടുണ്ടാവും. പകുതിയോളം പേർ അവിടെ പോയി. 15 മിനുട്ട് ചെലവഴിച്ച് വന്നു. ഞാൻ നോക്കി. അതാ... വലയ സൂര്യഗ്രഹണം. എല്ലാവരും ഒറ്റക്കൂവൽ. എന്നിട്ട് എല്ലാവരും ചേർന്ന് പാട്ടുപാടി. എന്നിട്ട് തിരികേ വീട്ടിലേക്ക്.

വീട്ടിൽ സൗരഫിൽട്ടർ ഉണ്ടായിരുന്നു. അത് വച്ച് നോക്കിയപ്പോൾ വെള്ളയ്ക്കു പകരം ചുവന്ന സൂര്യൻ! അച്ഛമ്മ വെളുത്തുള്ളി വാങ്ങിക്കാൻ പറഞ്ഞയച്ചു. കടയിൽ ചെന്നപ്പോൾ കേട്ട സംഭാഷണം ഇങ്ങനെയായിരുന്നു. "ചേച്ചിയേ, നീ വല്ലതും കഴിച്ചോ?" മറുപടി "ഇല്ലെടി, സൂര്യഗ്രഹണമല്ലേ."

**ആദിഷ് കെ.പി.**, കഴിയക്കാട് വീട്, ഇലപ്പുള്ളി പി.ഒ.678005

*(അടുത്തലക്കത്തിൽ തുടരും)*

# പെരുമഴക്കാലം



**ലതീഷ് കീഴല്ലൂർ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



ഒരു കുഞ്ഞിക്കാറ്റ്
പറന്നു വന്നു.
അതിനൊപ്പം
മഴയുമുണ്ടായിരുന്നു.
മഴ കോരിപ്പെയ്തു
കുളം നിറഞ്ഞു.
മീനുകൾക്കൊക്കെ
മനം നിറഞ്ഞു.
ആകാശത്തങ്ങൊരു
കൊള്ളിയാൻ വ –
ന്നൊരു രേഖാചിത്രം
വരച്ചു പോയി.
ഇടിയേറ്റ വൻമരം
കട പുഴകി.
ഇലകളിൽ,
കണ്ണീരൊലിച്ചിറങ്ങി.
ശിഖരങ്ങൾ കൊണ്ട്
പുണർന്നു പിന്നെ
മണ്ണോട്ടു ചേർന്നി –
ട്ടുറക്കമായി ...!

✷




റഫീക്ക് പൂനത്ത്

ചിത്രീകരണം: രാജീവ് എൻ ടി


# തോറ്റ മാഷ്

"മാഷേ...അമ്മാണേ... ഇന്ന് ഞാനെഴുതു ലാ...

ഈ യദ്ദ പറഞ്ഞ വാക്ക് വാക്കാ..."

"അല്ല നീയാര് പടയപ്പയോ..."മാഷുടെ മറുപടികേട്ട് കുട്ടികളാകെ ചിരിച്ചു.

"ഇന്ന് എന്റെ പിറന്നാളാ... ഹാപ്പി ബർത്ത്ഡേ...

ഇന്ന്... ഞാൻ.. യൂണിഫോം ഇടൂല.

ഇന്ന്... ഞാൻ സ്കൂളീന്ന് ചോറ് തിന്നൂലാ..

ഇന്ന് ഞാൻ എഴുതൂല അതൊറപ്പാ..."

"ഇന്ന്... ഹാപ്പി ബർത്ത്ഡേ.. ഇന്നലെ..."

ഇന്നലെ...

രണ്ടാം ക്ലാസിലെ വീട് എന്ന പഠനപ്രവർത്തനം നടക്കുകയാണ്


വീടു വരയ്ക്കലും കളറ് കൊടുക്കലും തകൃതിയാണ്. യദ്ദ വണ്ടിവിട്ടോണ്ട് ക്ലാസിൽ വിലസുകയാണ്.

"അല്ല... യദോ... ഇതെന്ത് കള്യാ.... ഇങ്ങനാ... നല്ല കുട്ട്യേള്."

"മാഷേ... എന്റമ്മ പറഞ്ഞേ... കുട്ട്യേളാകുമ്പോ... നല്ലോണം കളിക്കണംന്നാ.

കളിച്ചുവളർന്നാലേ കുതിച്ചു വളരൂ... ന്ന്."

"അമ്പട വീരാ... ക്ലാസെടുക്കുമ്പോഴെങ്കിലും കുതിച്ചുവളരലിത്തിരി കുറയ്ക്കണം. ഇല്ലെങ്കി... നിന്റെ






'കോഴിയുടെ കൂവൽ ഒരു ചെടിയാണ്.' വായിച്ചിട്ട് കൂട്ടുകാർ അത്ഭുതപ്പെടുന്നുണ്ടാകും അല്ലേ. അതെന്ത് ചെടി എന്നാലോചിക്കാൻ വരട്ടെ, ഇത് ഒരു കൊച്ചു കൂട്ടുകാരൻ എഴുതിയ കവിതാപുസ്തകത്തിന്റെ പേരാണ്. ആ കൂട്ടുകാരൻ ആരാണെന്നല്ലേ – പൊന്നാനി എ വി ഹയർ സെക്കന്ററി സ്കൂളിൽ പത്താം തരത്തിൽ പഠിക്കുന്ന ഗൗതം കുമരനല്ലൂർ. ഓർമയില്ലേ കുട്ടികളുണ്ടാക്കിയ യുറീക്കയിൽ 'കണ്ണ് ഒരു കൃഷിഭൂമി' എന്ന മനോഹരമായ കവിതയെഴുതിയ ഗൗതമിനെ.

'വിറക് ഒരു രക്തസാക്ഷി', 'അടുപ്പിലെന്നും ഒരു ചെമ്പരത്തി', 'സ്വപ്ന ബലൂൺ' തുടങ്ങി സുന്ദരവും ചിന്തോദ്ദീപകവുമായ നാൽപ്പത്തിനാല് കവിതകളുടെ സമാഹാരമാണ് പ്രിന്റ് ഹൗസ് പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച കോഴിയുടെ കൂവൽ ഒരു ചെടിയാണ് എന്ന പുസ്തകം.

കൂട്ടുകാർ പുസ്തകം വായിച്ച് അഭിപ്രായം ഗൗതമിനെ അറിയിക്കണേ. ഗൗതമിന്റെ വാട്സ്ആപ്പ് നമ്പർ 7558023591

---

ഇൻക്രിമെന്റ് ഞാൻ കട്ട് ചെയ്യും."

മാഷ് ഗൗരവം നടിച്ചു

"വേണ്ട മാഷേ... ഓനിനി കളിക്കൂല." അമയ യദുവിനെ പിടിച്ച് സീറ്റിലിരുത്തി.

വീടുമായി ബന്ധപ്പെട്ട ആശയഭൂപടം ഗ്രൂപ്പു തിരിഞ്ഞ് മെനഞ്ഞെടുക്കുന്ന തിരക്കിലാണ് കുട്ടികൾ.

"അക്ഷരത്തെറ്റില്ലാതെ ശരിയായി എഴുതുന്ന ആദ്യത്തെ ഗ്രൂപ്പിന് മിഠായി സമ്മാനം!"

മിഠായി സമ്പാദിക്കാൻ മത്സരം കനത്തു.

"മാഷേ... ന്റെ ആപ്പൻ ഗൾഫീന്ന് വന്നപ്പോ... കുന്നാച്ചിരം മുട്ടായി കൊണ്ടോന്നിരും...

മുട്ടായി തിന്ന് തിന്ന് മട്ത്ത്, ക്കിപ്പോ... മുട്ടായി ഇഷ്ടല്ല..."

"യദൂന് മിഠായി ഇഷ്ടല്ലേല്... ചോന്ന മഷ്യോണ്ട് ഒരു വെരിഗുഡ് തരാ."

"മാഷേ..."


"യദോ..."

"മാഷേ... ക്കി വെരിഗുഡിനോട് ദേഷ്യാ..."

തോറ്റ മാഷ് യദുവിന്റെ സ്ലേറ്റിൽ മഞ്ഞ ചോക്കുകൊണ്ട് ഒരു സ്മൈലി വരച്ച് തലയിൽ വച്ച് കൊടുത്തു.

ചിത്രകവിത


# കാട്ടിലെ ഫ്ലാറ്റ്




മധു ആലപ്പടമ്പ്

ചിത്രീകരണം : കെ പി മുരളീധരൻ



കാട്ടിൽ പുഴയോരത്തായ് കെട്ടിയ
ഫ്ലാറ്റു പൊളിക്കാനുത്തരവ്!
കുരുവി, മൈനകൾ, മഞ്ഞക്കിളികൾ,
പൂത്താങ്കീരികൾ പാറ്റകളും
ഉടനെ തന്നെയൊഴിഞ്ഞുകൊടുത്ത്
ഫ്ലാറ്റങ്ങടിമുടി നീക്കേണം!
ഫ്ലാറ്റിന്നോണർ കുറുക്കച്ചൻ
കാട്ടിക്കൂട്ടിയതാണെല്ലാം!







മുരടൻ സിംഹം കാട്ടു ഭരിക്കെ
അനുമതി നൽകിയ ഫ്ലാറ്റാണ്!
മുരടന് തിന്നാൻ മുയലും മാനും
പലതും നൽകി കുറുക്കച്ചൻ
കൈക്കൂലികളാൽ കെട്ടിപ്പൊക്കിയ
ഫ്ലാറ്റങ്ങടിമുടി മാറ്റേണം!
ഫ്ലാറ്റുകൾവിറ്റ കാശും കൊണ്ട്
എവിടെപ്പോയി കുറുക്കച്ചൻ?
കാടിൻ ഗൂഗിൾ മാപ്പുമെടുത്ത്
കാട്ടുമുഴുക്കെ നോക്കുമ്പോൾ
ഉണ്ടൊരു ഗുഹയിൽ ഭസ്മം പൂശി
കണ്ണുമടച്ച് തപസ്സാണേ!
പക്ഷികളെല്ലാം കൂട്ടത്തോടെ
കൊത്താൻ പാറി വരുന്നേരം
ഫ്ലാറ്റിൻ കാശ് തിരിച്ചു തരാമെ-
ന്നോരിയുമിട്ട് പറഞ്ഞോണ്ട്
പേടിച്ചോടിപ്പോണതു കണ്ടോ
ഫ്ലാറ്റുകൾ വിറ്റ കുറുക്കച്ചൻ!

✷



**കെ യതീന്ദ്രനാഥൻ**

ചിത്രീകരണം: അനിൽ തമ്പായ്

# ചായ



രാവിലെ എണീക്കുമ്പോൾ അനുഭവപ്പെടുന്ന ഉറക്കച്ചടവു മാറ്റാൻ ചൂടോടെ ഒരു കപ്പ ചായ ആഗ്രഹിക്കാത്തവർ ചുരുങ്ങും. കാപ്പിയടക്കം മറ്റു പാനീയങ്ങൾ എല്ലാം ചേർന്നാലും ചായയ്ക്കൊപ്പം വരില്ലെന്നാണ കണക്കുകൾ പറയുന്നത്. വെള്ളം കഴിഞ്ഞാൽ മനുഷ്യൻ ഏറ്റവും കൂടുതൽ അകത്താക്കുന്ന ദ്രാവകവും ചായ തന്നെ.

ചായക്കട നമ്മെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ തന്നെ ഭാഗമായി മാറി എന്നതാണു സത്യം. ചായയും കാപ്പിയും മറ്റു പാനീയങ്ങളും, പരിപ്പുവടയും ഉഴുന്നുവടയുമടക്കമുള്ള പലഹാരങ്ങളും പുട്ടും കടലയും, ദോശയും ചമ്മന്തിയും എല്ലാം തന്നെ മനസ്സിൽ നിന്നും മാറ്റാനാകുമോ.

ചായ അങ്ങനെ ഓരോ നാട്ടിലെയും ജനതയെ കീഴടക്കി വിരാജിക്കയാണ്. പാലുചേർത്ത ചായ, കട്ടൻചായ, നാരാങ്ങാനീരു ചേർത്ത കട്ടൻചായ, മസാലച്ചായ, ഇഞ്ചിനീർ ചേർത്ത ചായ, ഏലക്കാ ചേർത്ത സുലൈമാനി ചായ, പൊടിച്ചായ, തേൻ ചേർത്ത ചായ, വിത്തൗട്ട് ചായ (പഞ്ചസാര ചേർക്കാത്ത ചായ) അങ്ങനെ എത്ര ഇനം ചായകളാണുള്ളത് നമ്മുടെ കൊച്ചുകേരളത്തിൽ പോലും. വടക്കേ ഇന്ത്യയിലെ ഗ്രാമങ്ങളിൽ കട്ടിയുള്ള പാൽ ചേർത്ത ചായ, കളിമൺ കപ്പിലാണു വിളമ്പുക. ഇപ്പോൾ പേപ്പർകപ്പിലും പ്ലാസ്റ്റിക് കപ്പിലും ചായ കൊടുക്കുന്ന കടകളുണ്ട്. മുന്തിയ ഹോട്ടലുകളിൽ വെള്ള കളിമൺ കപ്പിലാണ് ചായ വിളമ്പുക. സ്റ്റാർ ഹോട്ടലുകളിൽ ചായ എത്തുന്നത് ഒരു ട്രേയിലാണ്. ചായ വെള്ളത്തിൽ തിളപ്പിച്ചത്, കാച്ചിയ പാല്, പഞ്ചസാര എന്നിവയും ട്രേയിലുണ്ടാകും. ഇവ ആവശ്യാനുസരണം കലർത്തിക്കഴിക്കാൻ കപ്പും സാസറും സ്പൂണും ഒപ്പം കാണും. ടീബാഗിൽ നിറച്ച രീതിയിലും ബ്രാൻഡ് ചായ കിട്ടാറുണ്ട്. തിളപ്പിച്ച വെള്ളത്തിൽ പാലുചേർത്ത് ഈ ടീ ബാഗിട്ടു വച്ചിരുന്നാൽ ചായയായി. മധുരം വേണ്ടുന്നവർക്ക് ഒരു ചെറിയ പാക്കറ്റിൽ തരിപ്പഞ്ചസാരയും കിട്ടും.

ജപ്പാൻകാരെ സംബന്ധിച്ചിടത്തോളം എവിടെയെങ്കിലും ഇരുന്ന് എങ്ങനെയെങ്കിലും ചായ കുടിക്കുന്നതു സങ്കൽപ്പിക്കാനാവില്ല. വസ്ത്രധാരണം, ഇരിപ്പ്, ചായ ഇടുന്ന വിധം, ചായ ഒഴിച്ചുകൊടുക്കൽ അതുമൊത്തിക്കുടിക്കുന്നത് എന്നിവയിലെല്ലാം അവർക്ക് പ്രത്യേക രീതിയുണ്ട്.

ചായയുടെ ജന്മനാട് തെക്കൻ ചൈനയും വടക്കൻ ബർമയും

(ഇന്നത്തെ മ്യാൻമാർ) അടങ്ങുന്ന പ്രദേശമാണ്. ചൈനക്കാരാണ് ചായകുടി തുടങ്ങിയത് എന്നതിനെപ്പറ്റി ഒരു കഥയുണ്ട്. ഒരു ബുദ്ധമത സന്യാസി ധ്യാനത്തിലിരിക്കുകയായിരുന്നു. ഇടയ്ക്കിടെ കുടിക്കാനായി ആശ്രമത്തിനു മുന്നിലെ മുറ്റത്ത് അടുപ്പുകൂട്ടി ഒരു പാത്രം വെള്ളമൊഴിച്ച് തിളപ്പിക്കുമായിരുന്നു. ആ വെള്ളത്തിൽ അടുത്തുനിന്ന ഒരു മരത്തിന്റെ ഇലകൾ വീണുവത്രെ. ധ്യാനം കഴിഞ്ഞ് ബുദ്ധസന്യാസി വെള്ളമെടുത്തു കുടിച്ചപ്പോൾ ഒരു പ്രത്യേക രുചി. മാത്രമോ കുടിച്ചുകഴിഞ്ഞപ്പോൾ എന്തെന്നില്ലാത്ത ഉന്മേഷവും അനുഭവപ്പെട്ടു. സന്യാസി പിന്നീട് ഇല പറിച്ചു വെള്ളത്തിലിട്ടു തിളപ്പിച്ചു കുടിക്കാൻ തുടങ്ങിയത്രെ.



ഇതു കഥയോ യാഥാർഥ്യമോ ആകാം. പക്ഷേ, ലോകത്തിന് ചായ എന്ന പാനീയം പകർന്നു നൽകിയത് ചൈനക്കാർ തന്നെ. ലോകത്ത് ഇന്നും ഏറ്റവും കൂടുതൽ തേയില ഉൽപ്പാദിപ്പിക്കുന്ന രാജ്യവും ചൈന തന്നെ. ഇന്ത്യയ്ക്കാണ് രണ്ടാം സ്ഥാനം. എങ്കിലും, ചായകുടിക്കാരുടെ എണ്ണം നോക്കിയാൽ നമുക്കാണ് ഒന്നാം സ്ഥാനം. ഒരു കാലത്ത് രാജാക്കന്മാർക്കും പ്രഭുക്കൾക്കും മാത്രം പ്രാപ്യമായിരുന്ന ഈ പാനീയം ഇന്നു നമ്മുടെ നാട്ടിലെ പട്ടിണിപ്പാവങ്ങളുടെ ഇഷ്ടതോഴനായി മാറിയിരിക്കുന്നു.

തേയില നല്ല പൊക്കത്തിൽ വളരുന്ന ഒരു മരമാണ്. പക്ഷേ, തേയിലത്തോട്ടങ്ങളിൽ നമുക്കു കാണാനാകുക നിരനിരയായി കുന്നുകളെ മറയ്ക്കുന്ന കുറ്റിച്ചെടിയായാണ്. തേയിലയെ പ്രൂൺ ചെയ്ത് ഒരു ബോൺസായി രൂപത്തിൽ വളർത്തുന്നതുകൊണ്ടാണീ രൂപമാറ്റം സംഭവിക്കുന്നത്. ധാരാളം കവരങ്ങൾ, അവ നിറയെ നുള്ളി എടുക്കാവുന്ന തരത്തിൽ ഇലകൾ. നമ്മുടെ ഹൈറേഞ്ചു പ്രദേശത്ത് ആദ്യമായി പോകുന്നവർ തോട്ടത്തിന്റെ ഭംഗി കണ്ട് അന്തിച്ചുനിന്നുപോകും. തികച്ചും ശാസ്ത്രീയമായാണ് കൃഷി നടത്തുക. ചെടിയുടെ ഇനം, ആരോഗ്യം, വളമിടൽ, കീടനാശിനി പ്രയോഗം എന്നിവയിലെല്ലാം അതീവ ശ്രദ്ധ ചെലുത്തിയേ തീരൂ.

തേയിലച്ചെടിയിൽ നിന്നും മുളച്ചു പൊന്തുന്ന തളിരുകൾ രണ്ടാഴ്ച വളരുന്ന മുറയ്ക്ക് തൊഴിലാളികൾ (മിക്കവരും സ്ത്രീകളാണ്) രണ്ടിലയും മൊട്ടുമടങ്ങുന്ന ഭാഗം പിച്ചി



സുകേതു

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

# ഒരു മഴക്കുട്ടിയുടെ സങ്കടം

മഴ എന്നു കേൾക്കുമ്പോൾ തന്നെ മനസ്സിനൊരു തണുപ്പാണ്.

ഇതെവിടെനിന്നാണ് വരുന്നത്?

അങ്ങനെ ചോദിച്ചാൽ... ദോ... അവിടെ നിന്ന്...

അങ്ങ് ആകാശം ചൂണ്ടിക്കാണിക്കാനേ എനിക്കറിയൂ.

നിർത്താതെ പെയ്യുന്ന മഴയിൽ ഒന്നിറങ്ങി നിൽക്കാനായെങ്കിൽ.

ആകെ നനഞ്ഞില്ലെങ്കിലും കൈനീട്ടി തൊടാനെങ്കിലും..

പക്ഷേ ആരും സമ്മതിക്കില്ല.

പാടില്ലല്ലോ.

എന്തൊക്കെ രോഗങ്ങളാണ്...

എത്രയെത്ര ആളുകളാണ് ആശുപത്രിയിൽ...

മഴ സന്തോഷമല്ല, ഇപ്പോൾ സങ്കടമാണ് തരുന്നത്.

രാവും പകലും ഇങ്ങനെ നിർത്താതെ പെയ്യുന്നതു കാണുമ്പോൾ സങ്കടത്തെക്കാളേറെ പേടിയും..

കഴിഞ്ഞ കൊല്ലവും ഇക്കൊല്ലവുമാണ് മഴ വല്ലാതെ പേടിപ്പിച്ചു കളഞ്ഞത്.

'പ്രളയം' എന്നൊരു വാക്ക് ഞാനാദ്യമായി കേട്ടു.

നാടും വീടും നാട്ടുകാരുമെല്ലാം ഒറ്റക്കെട്ടായി. അതു കണ്ടപ്പോൾ അറിയാതെ ഞാനും പ്രാർത്ഥിച്ചു:

'പൊന്നുമഴയേ ഇനിയൊരിക്കലും ഇങ്ങനെ ആരെയും കഷ്ടത്തിലാക്കല്ലേ...'

നമുക്ക് നല്ല വൃത്തിയുണ്ട്.. അറിവുണ്ട്.. ബുദ്ധിയുണ്ട്...

ഇത്രയൊക്കെ ഉണ്ടായിട്ടും അത്യാവശ്യം വേണ്ട ചില കാര്യങ്ങളിൽ തീരെ ശ്രദ്ധയില്ല.

ദിവസേന വാരിവലിച്ചെറിയുകയല്ലേ...

വീട്ടിലായിരിക്കുമ്പോൾ മഴ വരുന്ന സമയത്ത്–

'മോനേ.. അകത്ത് കേറി ഇരി..'

അമ്മ വേഗം തന്നെ ജനലും വാതിലുമെല്ലാം അടച്ചുകളയും.

പിന്നെ ഇത്തിരിയെങ്കിലും നനയാൻ കഴിഞ്ഞത് സ്കൂളിൽ വെച്ചായിരുന്നു. അതും ഒന്നോ രണ്ടോ സെക്കന്റ്.

അപ്പോഴേക്കും ടീച്ചറുടെ കണ്ണിൽപ്പെടും.

അല്ല, അവരെ കുറ്റപ്പെടുത്തിയിട്ടും കാര്യമില്ല.

ഇപ്പോഴത്തെ മഴയല്ലേ... അധികം നനയാൻ

---

തോളിൽ ഉറപ്പിച്ചിരിക്കുന്ന കൂടയിലേക്കെറിയും. ഇങ്ങനെ ശേഖരിക്കുന്ന തേയിലക്കൊളുന്തുകളിൽ നിന്നും ഫാക്ടറിയിൽ സംസ്കരിച്ചെടുക്കുന്ന തേയിലയാണ് നമുക്ക് കുട്ടിലടച്ച രീതിയിൽ മാർക്കറ്റിൽ കിട്ടുക.

മൊട്ടുണക്കി പൊടിച്ചുണ്ടാക്കുന്നതാണ് ഡസ്റ്റ് ടീ അഥവാ പൊടിത്തേയില. ഇലകൾ സംസ്കരിച്ചുണ്ടാക്കുന്ന ഇലത്തേയില മുന്തിയ ഇനമാണ്. ഓരോ എസ്റ്റേറ്റിൽ നിന്നും കിട്ടുന്ന തേയിലയ്ക്കു രുചിവ്യത്യാസം കണ്ടെന്നു വരാം.

ചെടിയുടെ ഇനം, ഇടുന്ന വളങ്ങൾ, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, കാലാവസ്ഥ, ലഭിക്കുന്ന മഴയുടെ അളവ്, തണുപ്പ് എന്നീ ഘടകങ്ങളെ ആശ്രയിക്കുന്നതുകൊണ്ടാണ് ഇമ്മാതിരി രുചിഭേദങ്ങൾ സംഭവിക്കുന്നത്. പല നാടുകളിൽ നിന്നും വാങ്ങുന്ന തേയിലകൾ കലർത്തിയുണ്ടാക്കുന്നവയാണ് നമുക്കു ലഭിക്കുന്ന ബ്ലന്റഡ് ടീ.

തേയിലയുടെ പ്രോസസിങ്ങിലും വ്യത്യാസങ്ങളുണ്ട്. വെള്ള, മഞ്ഞ, പച്ച, ഊലോംഗ്, കറുപ്പ്, പോസ്റ്റ് ഫെൻമെന്റഡ് എന്നിങ്ങനെ. പ്രോസസിങ്ങിലെ ഓരോ ഘട്ടത്തിൽ നിന്നും ശേഖരി



മഴക്കാലമാകുമ്പോൾ – വലിച്ചെറിയുന്നതെല്ലാം
ഒന്നൊഴിയാതെ തിരിച്ചെത്തും,
മുറ്റത്തും തൊടിയിലും കെട്ടിക്കിടക്കും.

*മഴക്കാലം വേദനയാണ്.*
*ഈ വേദന മാറണം.*
*മാറണ്ടേ..?*

നമ്മളോരോരുത്തരും എത്ര വൃത്തിയായിട്ടാണ് നടക്കുന്നത്.

സ്വന്തം വീടും പൊന്നുപോലെ സൂക്ഷിക്കുന്നു.
ഇനിമുതൽ നാടും വൃത്തിയാക്കിയേ പറ്റൂ.

*മഴപ്പേടി മാറാൻ*
*മഴദുഃഖം മാറ്റാൻ*
*മറ്റൊരു വഴിയുമില്ല!*

ക്കുന്ന തേയിലകളിലെ ഫെർമെന്റേഷൻ തോതനുസരിച്ചാണീ മാറ്റം.

മറ്റിനം ഇലകൾ പൊടിച്ചുണ്ടാക്കുന്ന തേയിലകളും മാർക്കറ്റിലെത്താറുണ്ട്. പക്ഷേ, ഇവയ്ക്ക് ചായയുടെ രുചി കാണില്ല. ചിലയിനം പൂക്കൾ, പച്ചമരുന്നുകൾ, സുഗന്ധദ്രവ്യങ്ങൾ എന്നിവ ചേർത്തു വിൽക്കുന്ന ചായക്കൂട്ടിനും പ്രിയം വർധിച്ചുവരുന്നു. പോഷകങ്ങൾ കൂടുതലടങ്ങിയ ഗ്രീൻ ടീയ്ക്കും പ്രചാരം ലഭിക്കുന്നുണ്ട്.

സാധാരണ ചായയിൽ ശരീരത്തിനാവശ്യമായ പോഷകങ്ങൾ ഇല്ലെന്നു തന്നെ പറയാം. അൽപ്പം മാംഗനീസും ആന്റി ഓക്സിഡന്റുകളും അടങ്ങിയിട്ടുണ്ട്. 3% കഫീൻ, 30% പോളിഫിനോൾ, ലേശം തിയോബ്രോമിൻ, തിയോഫൈലിൻ, ക്സാതിൻ എന്നിവ ഇതിലടങ്ങിയിട്ടുണ്ട്.

കാൻസർ, പൊണ്ണത്തടി, മറവിരോഗം എന്നിവ ചായകുടിയന്മാരിൽ കുറവാണെന്ന വാദം നിലനിൽക്കുന്നുണ്ട്. പോഷകങ്ങൾ ഉണ്ടോ ഇല്ലയോ എന്നാരും നോക്കാറില്ല. കാരണം അതു നൽകുന്ന ഉന്മേഷം തന്നെ. കാപ്പിക്കും പോഷകങ്ങൾ നിറഞ്ഞ ചോക്കലേറ്റ് പാനീയങ്ങൾക്കും ചായയോടേറ്റുമുട്ടാനാവില്ല തന്നെ.


പീക്കിരി.ഇൻ കൊച്ചുകുട്ടികൾക്കുള്ള പേജുകളാണ്. മുതിർന്നവർ ഇത് ശ്രദ്ധിക്കുമല്ലോ.

# കരിയിലക്കൂട്

**സത്യചന്ദ്രൻ പൊയിൽക്കാവ്**

ചിത്രീകരണം: ദേവപ്രകാശ്






ഒരു ആന ഉണ്ടായിരുന്നു. ആനയ്ക്കോ എല്ലാ ആന യേക്കാളും വലിയ രണ്ട് ചെവികളും ഉണ്ടായിരുന്നു അങ്ങനെയാണ് ആനയ്ക്ക് 'ചെവിയനാന' എന്ന പേര് കിട്ടുന്നത്.



ആനയെ കാണുമ്പോൾ എല്ലാവരും 'ണ്ട്ആ എന്താ ചെവിയാ' എന്നു ചോദിക്കും. ആനയ്ക്കിത് കുറച്ചിലായും ശല്യമായും തോന്നി. ഇനി മുതൽ എനിക്ക് ചെവി വേണ്ട. ആന തീരുമാനിച്ചു.



നാട്ടിലെ കൊട്ടാരം
വൈദ്യനായ ശങ്കരേട്ടന്റെ
അരികിലെത്തി ആന കാര്യം
പറഞ്ഞു. ചെവി
ചെറുതാകാൻ
മരുന്നു വേണം.



എന്റെ അടുത്ത് ഇതിന് മരുന്നില്ല.
ശങ്കരേട്ടൻ പറഞ്ഞു.

എന്നാൽ നിങ്ങളുടെ
ചെവി ഞാനും ചവുട്ടി
നീളം വലിക്കും ആന
പറഞ്ഞു.
ശങ്കരേട്ടന് പേടിയായി.
ആന പറഞ്ഞാൽ
പറഞ്ഞതാ.






ശങ്കരേട്ടൻ ഓടി അകത്തെത്തി.
ഒരു കുപ്പിയുമായി വന്നു.
“ഇതു കഴിക്കാനുള്ളതല്ല. പുരട്ടാനുള്ളതാ.”
ആനയ്ക്ക് സന്തോഷമായി.



ആന തന്റെ ദേഹത്താകെ
മരുന്ന് തേച്ചു.
“ഇനി എന്തു ചെയ്യണം
വൈദ്യരേ...?”

കരിയിലകളിൽ
മൂന്നുവട്ടം വീണു
രുളണം. ശങ്കരേ
ട്ടൻ പറഞ്ഞു.
ആന കാട്ടിലേക്ക്
പോയി. പിന്നെ
കരിയിലകൾക്ക്
ഇടയിൽക്കിടന്ന്
ഉരുളാൻ തുടങ്ങി.






അത് പശയായിരുന്നു.
പശയിൽ കരിയിലകൾ
ആനയുടെ ദേഹത്താ
കെ ഒട്ടിപ്പിടിച്ചു.
അങ്ങനെ ദേഹം
മുഴുവൻ ഇല നിറഞ്ഞു.
ചെവി കാണാതായി.
ആനയ്ക്ക് വീണ്ടും
സന്തോഷം വന്നു.



# ആനപ്പാട്ട്

ധന്യാവിജീഷ്

ചിത്രീകരണം: കെ.സതീഷ്




അമ്പട വമ്പാ.. തുമ്പിക്കയ്യാ!
കൊമ്പുകുലുക്കിയിതെങ്ങോട്ടാ?
കുഞ്ഞനിയത്തി ഉറങ്ങാനമ്മ
തൊട്ടിലാട്ടണ പോലെന്തേ
നിൻ ചെവി രണ്ടും പയ്യെപ്പയ്യെ

ഇങ്ങനെ ആട്ടുവതെന്തിന് നീ?
കുഞ്ഞിക്കണ്ണുകൾ ചിമ്മിച്ചിമ്മി
എന്നെ നോക്കുവതെന്തിന് നീ?
തുമ്പിക്കയ്യിൽ വെച്ചു തരാം ഞാൻ
അമ്പോ വലിയൊരു ചോറുരുള

# വരേം കുറീം



**കൂട്ടുകാർക്കുള്ള രചനാ മത്സര പംക്തിയാണ് വരേം കുറീം.**

**രചനകൾ കിട്ടേണ്ട അവസാന തിയ്യതി ഫെബ്രുവരി 15**

# മാനം നോക്കിയെഴുതാം

നിലാവ് പാൽപോലെ തട്ടിച്ചി തറിക്കിടക്കുകയാണ്.

മാനച്ചോട്ടിൽ അത് ഒലിച്ചിറങ്ങി

ചെടികളിലും മരങ്ങളിലും എന്തിന് കാറ്റിന്റെ മേലും

പെയ്തിറങ്ങി നിൽക്കുകയാണ്.

ആർക്കും ഇതൊക്കെ കാണുമ്പോൾ കവിത വരും. ഹായ് എന്തു രസം!

രാത്രിയിൽ ഇതൊക്കെ ആസ്വദിച്ച് നടക്കുകയല്ലേ വേണ്ടത്.

ഞാൻ നടക്കുകയാണ്. നിങ്ങളാരെങ്കിലും പിന്നിലുണ്ടോ?

എന്തായാലും ഞാനെഴുതാൻ പോവുകയാണ്. മേലെ ആകാശത്തിലേക്ക് നോക്കി.

**മാനത്തെയമ്പിളി–**
**ത്തെല്ലിന്നു താഴെ**
**മായാതെ നിൽക്കുന്ന**
**നക്ഷത്രമേ,**

ഇതാ എഴുതിക്കഴിഞ്ഞു. ഇനി ബാക്കി പൂരിപ്പിക്കൂ.

തെരഞ്ഞെടുത്ത കവിതാപൂരണങ്ങൾ പ്രസിദ്ധീകരിക്കാം.

നിങ്ങളുടെ വരികൾ ഞാനെഴുതിയ വരികളുടെ ആദ്യമോ അവസാനമോ ചേർത്തോളൂ.


രചനകൾക്കൊപ്പം പൂർണ വിലാസം വേണം...




ചിത്രീകരണം: കെ.സതീഷ്

**അവസാന തീയതി ഫെബ്രുവരി 15**
**വിലാസം: വരേം കുറീം, യുറീക്ക, ചാലപ്പുറം പി ഒ, 673002.**
**ഇ–മെയിൽ: priyappettaeureke@gmail.com**

# യു-മെയിൽ




## സ്വപ്നമല്ല; ലക്ഷ്യം

ഇപ്പോഴത്തെ എന്റെ കത്ത് എന്നെ പറ്റിയല്ല, മറിച്ച് നിന്നെ പറ്റിയാണ്. ഓരോ മാസവും കൈയിൽ കിട്ടുമ്പോൾ ആദ്യം ഞാൻ നോക്കുന്നത് നിന്റെ കവർപേജാണ്. അത്രയ്ക്ക് ഇഷ്ടമാണ് എനിക്ക് അവ. ഒക്ടോബർ 1ന് പ്രസിദ്ധീകരിച്ച നിന്റെ കവർപേജ് എനിക്ക് ഇഷ്ടപ്പെട്ടതിൽവെച്ച് ഏറ്റവും മികച്ചതാണ്. നമ്മൾ കട്ടിലിൽ കിടന്നാണല്ലോ സ്വപ്നങ്ങൾ കാണുന്നത്. കട്ടിലിന്റെ അടിയിൽ ഇരുട്ടാണല്ലോ. അതിൽ ബഹിരാകാശം എന്ന സ്വപ്നത്തെ വരച്ചത് വളരെ ഭാവനാത്മകമായിരിക്കുന്നു. ബഹിരാകാശം എന്നത് കുട്ടിയുടെ വെറും സ്വപ്നമല്ലെന്നും അത് അവന്റെ ലക്ഷ്യമാണെന്നും അവന്റെ മുഖത്തിൽ നിന്നുതന്നെ മനസ്സിലാക്കാം. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും എന്റെ സ്നേഹം നിറഞ്ഞ അഭിനന്ദനങ്ങൾ.

**ദേവയാനി ജെ,** 10 H, ഗവ. എച്ച് എസ് എസ്, കിളിമാനൂർ, തിരുവനന്തപുരം.

## എന്തു രസം!

'കുട്ടിമിട്ടായികൾ' എന്ന കവിത എനിക്ക് നന്നായി ഇഷ്ടപ്പെട്ടു. അതിൽ കുട്ടി ഉറക്കത്തിൽ മുട്ടായി കുഴിച്ചിടുകയാണല്ലോ. പിന്നെ എല്ലാ മരക്കൊമ്പിലും പല നിറത്തിൽ മിട്ടായി ഉണ്ടാവുന്നു. എന്തു രസമായിരിക്കും അല്ലേ?


**അഭിനവ് എം,** 5 സി, ആർ.കെ.എം.എച്ച്.എസ്എസ്. പന്നിയങ്കര, കോഴിക്കോട് – 673003.

## ഒന്നിനൊന്ന്

പുതുവർഷത്തിലെ യുറീക്ക മനോഹരിയായിരിക്കുന്നു. 2020 ൽ നീ എത്ര ചെറുപ്പം! ആരാ പറഞ്ഞത് നിനക്ക് 50 വയസ്സായെന്ന്. കെട്ടിലും മട്ടിലും ആകെ പുതുമ. മെൻഡൽ എന്ന ശാസ്ത്രജ്ഞന്റെ കഥയും റെഡ്ക്രോസിന്റെ കഥയും സൈലന്റ്‌വാലിയിലെ പച്ചിലപ്രാണിയും പുതിയ നോവലും ഒന്നിനൊന്നു മെച്ചം.

**അഫ്നാൻ എം. ഷാഫി,** സെന്റ് തോമസ് ജി.എച്ച്.എസ്. പുത്തനങ്ങാടി, കോട്ടയം.

യുറീക്ക കാത്തിരിക്കുന്നു നിങ്ങളുടെ കത്തുകൾക്കായി...



**എ**ന്തെല്ലാം വിശേഷങ്ങളുണ്ട് നിങ്ങൾക്ക് പറയുവാനായി. സ്കൂളിലെ വിശേഷങ്ങൾ, വീട്ടിൽ നടന്ന ചർച്ചകൾ, വഴിയരികിൽ കണ്ട കാഴ്ചകൾ, പത്രം വായിച്ചപ്പോൾ നിങ്ങൾക്ക് തോന്നിയത്, സിനിമ കണ്ടപ്പോൾ ചിന്തിച്ചത്, പുതുതായി വായിച്ച പുസ്തകം, പ്രിയപ്പെട്ട ടീച്ചറെക്കുറിച്ച്, നിങ്ങളെ കൊതിപ്പിച്ച ഭക്ഷണം...
യുറീക്കയോടല്ലെങ്കിൽ മറ്റാരുമായി നിങ്ങളിതൊക്കെ പങ്കുവെക്കും. ഒപ്പം യുറീക്കയിൽ വന്ന രചനകളെക്കുറിച്ചുള്ള അഭിപ്രായവും. ഇന്ന് തന്നെ എഴുതൂ, മാറ്റിവെക്കാതെ. രക്ഷിതാക്കളുടെ മൊബൈൽ ഫോണിൽ നിന്ന് മെയിലായി അയയ്ക്കാമല്ലോ.
വിലാസം : priyappettaeureke@gmail.com
ടെലിഗ്രാം (telegram) ആപ്പ് ഇൻസ്റ്റാൾ ചെയ്താൽ 9495981919 എന്ന നമ്പറിലേയ്ക്ക് മെസേജ് ചെയ്യാം.
തപാലിലാണെങ്കിൽ യു-മെയിൽ, യുറീക്ക, ചാലപ്പുറം പിഒ, 673 002.

e-mail: priyappettaeureke@gmail.com


Volume 41 No. 17 Eureka 2020 February 1, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.

# ഓരോന്നോരോന്ന്

ആരെയും കൊതിപ്പിക്കും
മാങ്കനി മധുരങ്ങളേകുന്നു പിന്നീട്
ആദ്യമീ മലരൊളി!

വരികളും ഫോട്ടോയും : വിശ്വൻ



മാമ്പൂ

Date of Publication : 25/1/2019 **EUREKA** Price : ₹ 17.00

ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20
License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20
Registered with the Newspaper Registrar of India under No:29524/78








Follow us on

ശീലമാക്കാം ...

FOOTWEAR & BACK PACKS ODYSSIA

CLASSMATE SHOES
SANDALS & BACKPACKS